കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

തിടനാട് ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2023-2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട സഹിതം)

നമ്പർ: കെ.എസ്.എ.കെ.ടി.എം.പി14-1328/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 20/09/2024
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തിടനാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തിടനാട് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തിടനാട് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.ടി.എം.പി14-1328/2024 തീയ്യതി: 20/09/2024

കോട്ടയം ജില്ലയിലെ തിടനാട് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ തിടനാട് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2023 മുതൽ 31-03-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 31-07-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ. മാത്യു ജേക്കബ്	ഡെപ്യൂട്ടി ഡയറക്ടർ	24-07-2024	31-07-2024

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
24-07-2024	31-07-2024

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. വി.ജി സജിമോൻ, ഓഡിറ്റ് ഓഫീസർ

ശ്രീ രഞ്ജിത്ത് എം,അസി.ഓഡിറ്റ് ഓഫീസർ

ശ്രീ. ആൽബിൻ സിറിയക്, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ. ഉണ്ണികൃഷ്ണൻ എം, സീനിയർ ഗ്രേഡ് ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
വിജി ജോർജ്	പ്രസിഡന്റ്	01-04-2023	31-03-2024
എം സാജൻ	സെക്രട്ടറി	01-04-2023	31-03-2024

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
നോബി എം ഐസക്	അസി.സെക്രട്ടറി	01-04-2023	31-03-2024
സുബാഷ് എസ്	കൃഷി ഓഫീസർ	01-04-2023	31-03-2024
ഡോ. ബിബിരാജ്	മെഡിക്കൽ ഓഫീസർ, പി.എച്ച്.സി	01-04-2023	31-03-2024
ഡോ. ഹരികുമാർ	മെഡിക്കൽ ഓഫീസർ , ആയുർവേദം	01-04-2023	08-09-2023
ഡോ.ബേനസീർ കെ.ഐ	മെഡിക്കൽ ഓഫീസർ , ആയുർവേദം	09-09-2023	31-03-2024
രമ്യ എൻ നായർ	വി ഇ ഒ	01-04-2023	20-11-2023
ഫെമി ഫ്രാൻസിസ്	വി ഇ ഒ	20-11-2023	31-03-2024
അനിൽകുമാർ പി ആർ	വി ഇ ഒ	01-04-2023	31-03-2024
പ്രീതി എ ദാമോദരൻ	വെറ്ററിനറി സർജൻ	01-04-2023	31-03-2024
പുഷ്കല പി എൻ	ഐ.സി.ഡി.എസ് സൂപ്പർവൈസർ	01-04-2023	31-03-2024
അനു കുമാരൻ	ഡയറി എക്സ്റ്റെൻഷൻ ഓഫീസർ	01-04-2023	31-03-2024
സനിത് കുമാർ എൻ.ടി	ഫിഷറീസ് എക്സ്റ്റെൻഷൻ ഓഫീസർ	01-04-2023	31-03-2024
ജയപ്രകാശ് ആർ	അസിസ്റ്റന്റ് എഞ്ചിനിയർ (എൽ.എസ്.ജി.ഡി)	01-04-2023	31-03-2024

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല	1-1-1
3	വരവുകൾക്ക് സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല	1-1-2
4	മൂലധന ആസ്തി കണക്കുകൾ കൃത്യമല്ല	1-1-3
5	ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രേഖകളില്ല	1-1-4
6	സംയോജിത പദ്ധതികൾക്കുള്ള ജില്ലാ-ബ്ലോക്ക് വിഹിതത്തിന്റെ കണക്കുകൾ കൃത്യമല്ല	1-1-5
7	വായ്പാ കണക്കുകളിൽ അവ്യക്തത	1-1-6
8	നിർവഹണ ഏജൻസികൾക്ക് വർഷങ്ങൾക്കു മുൻപ് കൈമാറിയ വൻ തുകകൾ മൂലധന ആസ്തികളിലേക്ക് ക്രമീകരിച്ചില്ല	1-1-7
9	ജലനിധി ഗ്രാന്റ് കണക്കുകളിൽ അവ്യക്തത	1-1-8
10	വസ്തു നികുതി കുടിശ്ശിക ശരിയായി അക്കൗണ്ട് ചെയ്തില്ല	1-1-9
11	ജീവനക്കാരനിൽ നിന്ന് വസൂലാക്കിയ തുക യഥാവിധി ക്രമീകരിച്ചില്ല	1-1-10
12	ബജറ്റ്	1-2
13	സാമ്പത്തിക വിശകലനം	1-3
14	ഗ്രാന്റ് വിനിയോഗം	1-4
15	പദ്ധതി അവലോകനം	1-5
16	മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി	1-6
17	സാമൂഹ്യസുരക്ഷ പദ്ധതികൾ	1-7
18	ക്യാഷ് ബാലൻസ് പരിശോധന	1-8
19	ആഭ്യന്തര നിയന്ത്രണ സംവിധാനം	1-9
20	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10
21	വസ്തു നികുതി പരിഷ്കരണം - കെട്ടിടങ്ങൾക്ക് പുതുക്കിയ നിരക്ക് ബാധകമാക്കിയില്ല	1-11
22	വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തെ വ്യത്യസ്ത നമ്പറുകൾ നൽകി കുറഞ്ഞ നിരക്കിൽ വസ്തു നികുതി നിർണ്ണയിച്ചു	1-12
23	മൊബൈൽ ടെലികമ്മ്യൂണിക്കേഷൻ ടവറിന്റെ വസ്തുനികുതി ഈടാക്കിയില്ല	1- 13
24	ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല	1- 14
25	കരാറുകാരുടെ തൊഴിൽ നികുതി ഈടാക്കുന്നില്ല	1-15
26	ലൈസൻസ് ഫീസ് - കുറഞ്ഞ നിരക്കിൽ ഈടാക്കി	1-16
27	അംഗീകൃത ബിൽഡിംഗ് പെർമിറ്റിൽ അധികരിച്ചുള്ള നിർമ്മാണം ക്രമവത്കരിച്ചില്ല	1-17
28	ബിൽഡിംഗ് പെർമിറ്റ് - അധിക മേൽക്കൂര നിർമ്മാണം പെർമിറ്റ് പരിധിയിൽ കൊണ്ടുവന്നില്ല	1-18
29	കെട്ടിടങ്ങളുടെ പോസ്റ്റ് ഒക്യുപെൻസി ഓഡിറ്റ് നടത്തുന്നില്ല	1-18-1
30	ജലനിധി സുസ്ഥിരത പദ്ധതി - ബാലൻസ് തുക ക്രമീകരിച്ചില്ല	1-19
31	വാടക വരവുകൾക്ക് ചരക്ക് സേവന നികുതി ഈടാക്കുന്നില്ല	1-20
32	ബാങ്ക് അക്കൗണ്ടുകളുടെ പരിപാലനത്തിലെ അപാകതകൾ	1-21
33	സിവിൽ മുൻകൂറുകൾ ക്രമീകരിക്കാതെ അവശേഷിക്കുന്നു	1-22
34	മഴക്കാല പൂർവ്വ ശുചീകരണ പദ്ധതിയുടെ ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല	1-23
35	കാലഹരണപ്പെട്ട നിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല	1-24
36	ബാല സഭ- സർക്കാർ പരിധി അധികരിച്ച് തുക ചെലവഴിച്ചു	1-25

37	പോത്ത് കുട്ടി വിതരണം- ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത വ്യക്തികൾക്ക് ആനുകൂല്യം അനുവദിച്ചു	1-26
38	വീട് വാസയോഗ്യമാക്കൽ– ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത വ്യക്തിക്ക് ധനസഹായം നൽകി	1-27
39	ലൈഫ് ഭവന പദ്ധതി- അവലോകനം	1-28
40	എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ്- ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത വിദ്യാർത്ഥികൾക്ക് നൽകി	1-29
41	എസ്.ടി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്- പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ	1-30
42	മെൻസ്ട്രൽ കപ്പ് വിതരണം - പദ്ധതി പൂർത്തീകരിച്ചില്ല	1-31
43	തിടനാട് ആയുഷ് ഹോമിയോ ഡിസ്പൻസറിയിലേയ്ക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ പൂർണമായി ലഭ്യമായില്ല	1-32
44	ഗുണഭോക്താക്കളുടെ തിരഞ്ഞെടുപ്പിന് ഗ്രാമസഭയുടെ അംഗീകാരം നേടിയില്ല	1-33
45	പഞ്ചായത്ത് ഓഫീസിൽ സി.സി ടിവി സ്ഥാപിക്കൽ– പദ്ധതി പൂർത്തീകരിച്ചിട്ടില്ല.	1-34
46	സംയുക്ത പ്രോജക്ട്-ചെലവ് രേഖകൾ ഹാജരാക്കിട്ടില്ല.	1-35
47	മുൻവർഷങ്ങളിലെ നിക്ഷേപ പ്രവൃത്തികളുടെ പൂർത്തീകരണ വിവരങ്ങൾ ലഭ്യമല്ല	1-36
48	തൻവർഷ നിക്ഷേപ പ്രവൃത്തികളുടെ പൂർത്തീകരണം- വിനിയോഗസാക്ഷ്യപത്രങ്ങൾ ലഭ്യമാക്കിയിട്ടില്ല.	1-37
49	സംരക്ഷണഭിത്തിക്കുള്ളിൽ മണ്ണ് നിറയ്ക്കുന്നതിന് തെറ്റായ സ്പെസിഫിക്കേഷൻ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കി	1-38
50	മരാമത്ത് പ്രവൃത്തികളിൽ ഇൻഷ്യൂറൻസ് നടപടിക്രമം പൂർണമായി പാലിക്കുന്നില്ല	1-39
51	വിഷയാധിഷ്ഠിത അവലോകനം - ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - കേരളത്തിലെ മാലിന്യസംസ്കരണംഹരിതകർമ്മസേനയിലൂടെ	1-40
ഭാഗം **2**		
--- No Records Found ---		
ഭാഗം **3**		
1	സംരക്ഷണഭിത്തിക്കുള്ളിൽ മണ്ണ് നിറയ്ക്കുന്നതിന് തെറ്റായ സ്പെസിഫിക്കേഷൻ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കി	3-1
ഭാഗം **4**		
1	വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം	4-1
2	സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം	4-2
3	ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-3
4	മൊബിലൈസേഷൻ അഡ്വാൻസ്	4-4
5	വായ്പ/വായ്പാതിരിച്ചടവ്	4-5
6	സ്ഥിരനിക്ഷേപങ്ങൾ	4-6
7	ഓഡിറ്റ് റിക്കവറി	4-7
8	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം	4-8
9	ചാർജ്ജ്/സർചാർജ്ജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം	4-9
10	ഓഡിറ്റ് പ്രത്യവലോകനം	4-10
11	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-11
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1

പൊതു അവലോകനം

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. തിടനാട് ഗ്രാമപഞ്ചായത്തിന്റെ 2024 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2024 പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണ സമിതിയുടെ 5(1)/ 27.06.2024 നം. തീരുമാനം പ്രകാരം അംഗീകരിച്ച് 04.07.2024-ൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, 1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യകമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെകുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ,പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, തിടനാട് ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യ പത്രികകൾ 31.03.2024-ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2024-ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

തീയതി: 20.09.2024 **ഡെപ്യൂട്ടി ഡയറക്ടർ**

1-1-1 അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് റൂൾസ് 62(2) (ഇ), (എഫ്) എന്നിവ പ്രകാരം വാർഷിക ധനകാര്യ പത്രികയോടൊപ്പം സമർപ്പിക്കേണ്ട, പ്രധാനപ്പെട്ട അക്കൗണ്ടിങ്ങ് നയങ്ങൾ, കണ്ടിജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ ഉൾപ്പെടുന്ന കുറിപ്പുകൾ, അടിസ്ഥാന അനുപാതങ്ങൾ എന്നിവ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

1-1-2 വരവുകൾക്ക് സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല

അക്രൂ ചെയ്യുന്ന വരുമാനങ്ങൾക്ക് വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് രേഖപ്പെടുത്തുന്നില്ല. പ്രധാന വരവിനങ്ങൾക്ക് 31.03.2024-ലാണ് അക്രൂവൽ എൻട്രികൾ നൽകിയിട്ടുള്ളത്.

1-1-3 മൂലധന ആസ്തി കണക്കുകൾ കൃത്യമല്ല

സിംഗിൾ എൻട്രി അക്കൗണ്ടിംഗ് സംവിധാനത്തിൽ നിന്നും ഡബിൾ എൻട്രി അക്കൗണ്ടിംഗ് സംവിധാനത്തിലേയ്ക്ക് മാറിയ ഘട്ടത്തിൽ ആസ്തി ബാധ്യതകൾ കൃത്യമായി നിർണ്ണയിക്കാതിരിക്കുകയും തുടർന്ന് കാലികമാക്കാതിരിക്കുകയും ചെയ്തതിനാൽ ധനകാര്യ പത്രികയിൽ നൽകിയിട്ടുള്ള മൂലധന ആസ്തികളുടെയും അവയുടെ മൂല്യശോഷണത്തിന്റെയും കണക്കുകൾ കൃത്യമല്ല.

1-1-4 ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രേഖകളില്ല

ഇൻകം & എക്സ്പെൻഡീച്ചർ അക്കൗണ്ടിലെ ഐ-(18), ഐ-(19) പ്രകാരമുള്ള എൻട്രികൾക്ക് അംഗീകരിക്കപ്പെട്ട വൗച്ചറുകൾ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ലെഡ്ജർ കോപ്പികൾ ഒഴികെ അതിന് പിൻബലം നൽകുന്ന വർക്ക് ഷീറ്റുകൾ പൂർണമായി ഓഡിറ്റിന് ലഭ്യമാക്കിയില്ല. ആയതിനാൽ ഈയിനത്തിലെ രേഖപ്പെടുത്തൽ നിയമാനുസൃതം ആണെന്നൊ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് കഴിഞ്ഞിട്ടില്ല.

1-1-5 സംയോജിത പദ്ധതികൾക്കുള്ള ജില്ലാ-ബ്ലോക്ക് വിഹിതത്തിന്റെ കണക്കുകൾ കൃത്യമല്ല

സംയുക്ത പദ്ധതികൾക്കുള്ള ജില്ലാ പഞ്ചായത്ത് വിഹിതമായി ലഭിച്ച ₹224931/-ഉം ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി ലഭിച്ച ₹505369/-ഉം വിനിയോഗിക്കാൻ ശേഷിക്കുന്നതായി ധനകാര്യ പത്രികയുടെ ബി-4 പട്ടികയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ബി-17 പത്രികയിൽ പ്രസ്തുത തുക സൂക്ഷിക്കുന്ന ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ ₹734619/- എന്നാണ് ചേർത്തിരിക്കുന്നത്. എന്നാൽ പ്രസ്തുത ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് 31.03.2022-ൽ സർക്കാർ നിർത്തലാക്കിയതാണ്.

1-1-6 വായ്പാ കണക്കുകളിൽ അവ്യക്തത

സെക്വേഡ് ലോണായി ധനകാര്യ പത്രികയുടെ B-5 പട്ടികയിൽ നൽകിയിട്ടുള്ളത് ₹25142611/- ആണ്. എന്നാൽ ബി- 16 പട്ടികയിൽ പ്രീ പെയ്ഡ് പ്രോഗ്രാം എക്സ്പെൻസ് എന്ന ശീർഷകത്തിൻകീഴിൽ രേഖപ്പെടുത്തിയിരിക്കുന്നത് ₹ 22702611/- ആണ്. വ്യത്യാസം വന്ന ₹2440000 /- നു പകരം ബി-17 പട്ടികയിൽ ലൈഫ് ലോൺ അക്കൗണ്ടിൽ ₹2918239/- ആണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ലൈഫ് 20-20-യ്ക്ക് പുതിയ അക്കൗണ്ടിലൂടെ വിനിമയം ആരംഭിച്ചതുമൂലമാണ് കണക്കിൽ വ്യതിയാനമെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ അവയുടെ ആകെത്തുകകൾ പൊരുത്തപ്പെടാത്തതിനാൽ വിശദീകരണം അംഗീകരിക്കാവുന്നതല്ല.

1-1-7 നിർവഹണ ഏജൻസികൾക്ക് വർഷങ്ങൾക്കു മുൻപ് കൈമാറിയ വൻ തുകകൾ മൂലധന ആസ്തികളിലേക്ക് ക്രമീകരിച്ചില്ല

നിർവഹണ ഏജൻസികൾക്ക് വർഷങ്ങൾക്കു മുൻപ് കൈമാറിയ വൻ തുകകൾ മൂലധന ആസ്തികളിലേക്ക് ക്രമീകരിക്കാതെ മുൻകൂറിനത്തിൽ നിലനിർത്തിയിരിക്കുന്നു. വിശദാംശങ്ങൾക്ക് ഖണ്ഡിക 1-36 കാണുക.

1-1-8 ജലനിധി ഗ്രാന്റ് കണക്കുകളിൽ അവ്യക്തത

ജലനിധിയുടെ ശേഷിക്കുന്ന അലോട്ട്മെന്റായി ബി-4 പത്രികയിൽ ₹282805/- ശേഷിക്കുന്നു. എന്നാൽ ബാങ്ക് അക്കൗണ്ടിൽ (ബി- 17) പ്രസ്തുത തുക ₹258415/- ആണ്. സർക്കാർ നിർദ്ദേശപ്രകാരം അവശേഷിക്കുന്ന ഗ്രാന്റ് തുക KRWSA-യ്ക്ക് തിരികെ നൽകിയെങ്കിലും ബി- 17-ൽ നൽകിയിട്ടുള്ള സുസ്ഥിര ബാങ്ക് അക്കൗണ്ടിൽ ₹24390/- നീക്കിയിരിപ്പുണ്ട്.പ്രസ്തുത നീക്കിയിരിപ്പിന്റെ ആധികാരികത പരിശോധിക്കേണ്ടതും അത് യഥാവിധി ക്രമീകരിക്കേണ്ടതുമാണ്.

1-1-9 വസ്തു നികുതി കുടിശ്ശിക ശരിയായി അക്കൗണ്ട് ചെയ്തില്ല

വസ്തു നികുതി കുടിശ്ശികയുമായി ബന്ധപ്പെട്ട് നിലനിന്നിരുന്ന കേസ് രാജിയായതിനെത്തുടർന്ന് ഒടുക്കിയ തുക 20131/- യഥാവിധി ഡിമാന്റിൽ ക്രമീകരിക്കാതെ ബി-9 പട്ടികയിലെ ഋണശീർഷ കണക്കുകളിൽ നിലനിർത്തിയിട്ടുണ്ട്.

1-1-10 ജീവനക്കാരനിൽ നിന്ന് വസൂലാക്കിയ തുക യഥാവിധി ക്രമീകരിച്ചില്ല

RP-10 പട്ടികയിൽ ₹2759/- ജീവനക്കാരിൽനിന്നുള്ള വസൂലാക്കലുകൾ എന്ന ശീർഷകം നൽകി ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത് മണിമല ഗ്രാമപഞ്ചായത്തിൽ നിന്ന് സ്ഥലം മാറിവന്ന ക്ലാർക്ക് ശ്രീ. എം. ബിമലിന്റെ പങ്കാളിത്ത പെൻഷൻ വിഹിതമായി ലഭിച്ച തുകയാണെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. അത് യഥാസമയം ക്രമീകരിക്കാതെ ഋണശീർഷ കണക്കിൽ നിലനിർത്തിയിട്ടുണ്ട്.

1-2 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ ബജറ്റ് അവതരണം, അംഗീകാരം എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഇനം	തീരുമാന നമ്പർ /തീയതി
സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകാരം	VI/തീ. 15.03.2022
ഭരണസമിതി അംഗീകാരം	I(1)/തീ. 23.03.2022
ബജറ്റ് പുതുക്കൽ	I(1)/തീ. 28.02.2023

ഇനം	പുതുക്കിയ ബജറ്റ് പ്രകാരം
മുന്നിരിപ്പ്	10640358/-
വരവ്	101148000/-
ആകെ	111788358/-
ചെലവ്	100947500/-
നീക്കിയിരിപ്പ്	10840858/-

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 214-ാം വകുപ്പ് അനുശാസിക്കും പ്രകാരമുള്ള സമയക്ലിപ്തതയും നടപടിക്രമങ്ങളും ബജറ്റ് തയ്യാറാക്കി അംഗീകരിക്കുന്നതിൽ പാലിച്ചിട്ടില്ല. മാർച്ച് 31 എന്ന സാങ്കേതിക തീയതിയുടെ പരിമിതി മറികടക്കുന്നതിന് സാധിച്ചിട്ടുണ്ടെങ്കിലും അതിനു മുൻപുള്ള ഒരുക്കങ്ങൾ പൂർണമായിരുന്നില്ല. നവംബർ മാസമുള്ള വിവരശേഖരണം, ജനവരി ആദ്യ വാരമുള്ള ബജറ്റ് അവതരണം എന്നിവ കലണ്ടർ പ്രകാരം നടന്നിട്ടില്ല.

തയ്യാറാക്കിയ ബജറ്റും ധനകാര്യപത്രിയും തമ്മിൽ വലിയ അന്തരം നിലനിൽക്കുന്നു. കൃത്യമായ സാമ്പത്തിക അച്ചടക്കം പാലിക്കുന്നതിനും ഫലപ്രദവും കാര്യക്ഷമവുമായ ധനവിനിയോഗം

സാധ്യമാക്കുന്നതിനും പര്യാപ്തമായ രീതിയിൽ ബജറ്റ് തയ്യാറാക്കൽ പ്രക്രിയ പുരോഗമിച്ചിട്ടില്ലെന്ന് അവയിലെ തുകകളും ധനകാര്യ പത്രികയിലെ തുകകളും തമ്മിലുള്ള താരതമ്യ പഠനത്തിൽ നിന്ന് വ്യക്തമാകുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ഇനം	**പുതുക്കിയ ബജറ്റ് പ്രകാരം**	**ധനകാര്യ പത്രിക പ്രകാരം**
വസ്തു നികുതി	42,00,000	40,81,631
തൊഴിൽ നികുതി	12,00,000	11,39,880
വാടക	20,000	10,000
ഫീസുകൾ	5,53,000	27,63,053
ലേലം , വിൽപനകൾ	2,50,000	96,905
പലിശ	40,000	2,68,403
എസ്റ്റാ. ചെലവുകൾ	1,37,85,000	1,20,74,990
ഭരണച്ചെലവുകൾ	16,62,000	12,68,820
സംരക്ഷണ – നടത്തിപ്പ് ചെലവുകൾ	28,85,000	21,05,876

തുടർന്നു വരുന്ന വർഷത്തെ വരുമാന വർദ്ധനവ്, ചെലവുകളിലെ സാമ്പത്തിക അച്ചടക്കം, കാര്യക്ഷമത എന്നിവ ഉറപ്പു വരുത്തുന്നതിന് ആധാരശിലയാകേണ്ട ബജറ്റ് യാഥാർത്ഥ്യ ബോധത്തോടെ തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഓരോ വർഷവും പ്രസ്തുത അപാകതകൾ ചൂണ്ടിക്കാട്ടപ്പെടുന്നുവെങ്കിലും ക്രിയാത്മകമായി വിഷയത്തെ സമീപിക്കാത്ത നടപടി ഉചിതമല്ല. ആവശ്യമായവ പരിഹാര നടപടികൾക്കായി വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, ഭരണസമിതി എന്നിവരുടെ സജീവശ്രദ്ധയിൽപ്പെടുത്തുന്നു.

1-3 സാമ്പത്തിക വിശകലനം

തിടനാട് ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തെ റസീറ്റ് & പേമെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ പത്രികയിലെ കണക്കുകളുടെ വിശദാംശവും ഓഡിറ്റ് ചെയ്ത ശേഷം വരവ്, ചെലവ് നഷ്ടം, തടസ്സപ്പെടുത്തിയ തുക എന്നിവ ചുവടെ ചേർക്കുന്നു.

റസീറ്റ് & പേമെന്റ് പത്രിക 2023-24

മുന്നിരിപ്പ് (01/04/2023)	16,885,165/-
ഓഡിറ്റ് വർഷത്തെ വരവ്(Receipt)	39,244,264/-
ആകെ	56,129,429/-
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്(Payment)	38,048,918/-
നീക്കിയിരിപ്പ് (31/03/2024)	18,080,511/-

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് 2023-24

ഓഡിറ്റ് വർഷത്തെ വരുമാനം(Income)	102,420,442/-
ഓഡിറ്റ് വർഷത്തെ ചെലവ് (Expenditure)	108,549,972/-
പ്രവർത്തന നഷ്ടം(Gross Deficit)	6,129,530/-
അറ്റ മുൻകാല അക്കൗണ്ടിങ്ങ് ക്രമീകരണം	(2,238,947/-)
അറ്റ പ്രവർത്തന നഷ്ടം(Net Deficit)	3,890,583/-

ഓഡിറ്റ് പ്രത്യവലോകനം 2023-24

വരവിനങ്ങളിലുള്ള നഷ്ടം (ചാർജ് ചെയ്യാവുന്നത്)	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (സർച്ചാർജ് ചെയ്യാവുന്നത്)	5483/-
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	1527694/-

1-4 ഗ്രാന്റ് വിനിയോഗം

ഗ്രാന്റ്	മുന്നിരിപ്പ് (₹)	വരവ് (₹)	ആകെ (₹)	ചെലവ് (₹)	നീക്കിയിരിപ്പ് (₹)	ശതമാനം
വികസന ഫണ്ട്-പൊതുവിഭാഗം	-	19952000	19952000	18406875	1545125	92.75
വികസന ഫണ്ട്-എസ്.സി.പി.	-	3167000	3167000	3064124	102876	96.75
വികസന ഫണ്ട്-ടി.എസ്.പി.	-	283000	283000	249577	33423	88
15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്) *	958797	3304000+ 117949(int)	4380746	3401363	979383	77.63
15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്)**	4158127	2478000	6636127	5238436	1397691	78.93
സംരക്ഷണ ഗ്രാന്റ്-(റോഡ്)	-	10488000	10488000	3519844	6968156	33.56
സംരക്ഷണ ഗ്രാന്റ്-(റോഡിതരം)	-	2845400	2845400	1783927	1061473	62.69
ഹെൽത്ത് ഗ്രാന്റ്-(PHC)	00	348000 + 9038 (Int)	357038	99822	257216	27.95

ഹെൽത്ത് സെക്ടർ ഗ്രാന്റ്-(infrastructure)	00	963022 + 2896(int)	965918	714177	251741	73.93
ഹെൽത്ത് സെക്ടർ ഗ്രാന്റ്-(Buildingless PHCs)	00	1530(int)	1530	00	1530	00
ലൈഫ് ഭവന പദ്ധതി (സംസ്ഥാന വിഹിതം)	00	3400000 + 528	3400528	2460528	940000	72.35
സ്വച്ഛഭാരത് അഭിയാൻ	00	516	516	513	03	99
പശ്ചിമഘട്ട വികസന പദ്ധതി	407106	00	407106	00	407106	00
നിർമൽ പുരസ്കാർ	315	00	315	00	315	00
ഗ്രന്ഥശാലാ ഗ്രാന്റ്	02	15380	15382	15380	02	99
സാക്ഷരതാ മിഷൻ	2164	87	2251	00	2251	00
ശുചിത്വ മിഷൻ ഗ്രാന്റ്	15000	513	15513	513	15000	3.3
എംഎൽ.എ ഫണ്ട്	7112	00	7112	00	7112	00
ജലനിധി	3250000	247984	3497984	3215179	282805	91.91
പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ്	226766	15000	241766	15000	226766	6.2
ശിശു വികസന പദ്ധതി കേന്ദ്ര വിഹിതം	651906	842489	1494395	573692	920703	38.38

* , ** ILGMS /AFS പ്രകാരമുള്ള കണക്കുകൾ.

ഗ്രാന്റ് വിനിയോഗ കണക്കുകളിലെ അപാകങ്ങൾ

1) സ്ഥാപനം സാംഖ്യയിൽ തയ്യാറാക്കിയ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിൽ, വിവിധ വിഭാഗം ഫണ്ടുകളുടെ സ്രോതസ്സിൽനിന്നും കുറവ് ചെയ്ത തുക വരവിലും (അലോട്ട്മെന്റ്) ചെലവിലും ഉൾപ്പെടുത്തിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഫണ്ട്	ഇനം	സ്രോതസിൽ നിന്ന് കുറവ് ചെയ്ത തുക
വികസന ഫണ്ട്-ജനറൽ	ലൈഫ് മിഷൻ വായ്പ തിരിച്ചടവ്	₹2490794/-
വികസന ഫണ്ട്-ജനറൽ	അങ്കണവാടി അധിക വേതനം	₹876000/-
വികസന ഫണ്ട്-എസ്.സി.പി.	ലൈഫ് മിഷൻ വായ്പ തിരിച്ചടവ്	₹240014/-
വികസന ഫണ്ട്-ടി.എസ്.പി.	ലൈഫ് മിഷൻ വായ്പ തിരിച്ചടവ്	₹56516/-

2) 2023-24 വർഷത്തെ AFS പ്രകാരം കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied And Untied Funds) ഇനത്തിലെ മുന്നിരിപ്പ് യഥാക്രമം ₹4158127/-, ₹958797/- ഉം ആണ്. അവയുടെ തൻവർഷ വരവ് ചെലവുകൾ മേൽ പട്ടികയിൽ *, ** ചിഹ്നങ്ങൾ നൽകി നിർണയിച്ചിട്ടുള്ളത് കാണുക. എന്നാൽ അവയുടെ സുലേഖ ചെലവ് പത്രിക പ്രകാരമുള്ള ചെലവ് ILGMS-ൽ തയ്യാറാക്കിയിട്ടുള്ള കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. (സുലേഖ പ്രകാരം ആകെ ചലവ് ₹ 8635499/-, ILGMS ₹ 8639799/-) പി.എഫ്.എം.എസ്. പ്രകാരം തുക കൈമാറുന്നതിലുള്ള കാലതാമസമാണ് മുന്നിരിപ്പ്, ചെലവ് ഇനങ്ങളിലെ ഈ വ്യതിയാനങ്ങൾക്ക് കാരണം.

1-5 പദ്ധതി അവലോകനം

(എ) ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ ₹	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ് ₹	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
257	132086268	146	49245779	111	57.25

നിർവഹണ ഉദ്യോഗസ്ഥർ തിരിച്ചുള്ള വിവരം

നിർവഹണ ഉദ്യോഗസ്ഥൻ	ആസൂത്രണം ചെയ്ത പ്രോജക്ടുകൾ	നടപ്പാക്കിയവ	അടങ്കൽ	ചെലവ്
കൃഷി ഓഫീസർ	10	06	2835140	1137698
വെറ്ററിനനറി സർജൻ	07	07	3334000	3219651
മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)	19	15	3872996	2305599
മെഡിക്കൽ	01	01	500000	205867

ഓഫീസർ (ആയുർവ്വേദം)				
ഐ.സി.ഡി.എസ് സൂപ്പർവൈസർ	10	07	3865646	3216322
ഗ്രാമപഞ്ചായത്ത് സെക്രട്ടറി	67	40	13211025	8517939
അസിസ്റ്റന്റ് എഞ്ചിനീയർ	105	41	36078671	9722759
ക്ഷീര വികസന ഓഫീസർ	02	02	1693510	883574
ഫിഷറീസ് സബ് ഇൻസ്പെക്ടർ	01	01	200000	80000
വി.ഇ.ഒ-1	14	14	62156008	17750896
വി.ഇ.ഒ-2	12	04	2963092	956329
അസിസ്റ്റന്റ് സെക്രട്ടറി	09	08	1376180	1249145
ആകെ	**257**	**146**	**132086268**	**49245779**

പദ്ധതി ആസൂത്രണ പ്രക്രിയകളുടെ വിശദാംശങ്ങൾ

ഇനം	തീരുമാന നം, / തീയതി
വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ	**16.12.2022, 20.01.2023**
പദ്ധതി രൂപീകരണ ഗ്രാമസഭകൾ	5.1.23, 6.1.23, 8.1.23, 14.1.23, 15.1.23
വികസന സെമിനാർ	16.02.2023
വികസന സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകാരം	1(2)/ തീ. 11.03.2023
ഭരണാനുമതി	2(1)/ തീ. 15.03.2023
ജില്ലാ ആസൂത്രണ സമിതി അംഗീകാരം (ഭേദഗതിയുൾപ്പടെയുള്ള അന്തിമ അംഗീകാരം)	83898/23 /DPC/DPO/KTM തീ. 03.02.2024

ബി) ഓഡിറ്റ് വർഷത്തെ പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട മറ്റു പ്രസക്ത വിവരങ്ങൾ ചുവടെ ക്രോഡീകരിക്കുന്നു

- ആവിഷ്കരിച്ച പ്രോജക്ടുകളിൽ 109 എണ്ണവും നടപ്പാക്കാൻ കഴിഞ്ഞില്ല.
- ലഭ്യമായ ഗ്രാന്റ് തുകകൾ യഥാസമയം വിനിയോഗിക്കാൻ കഴിയാതിരുന്നതിനാൽ വർഷാവസാനം പാഴായി. മെയിന്റനൻസ് ഗ്രാന്റ് റോഡ്-റോഡിതര ഫണ്ടിൽ 53 ലക്ഷത്തിലധികം ഷോർട്ട് ഫോളിനത്തിൽ നഷ്ടമാകാൻ സാധ്യത.
- ലഭ്യമായ നിർവഹണ ഉദ്യോഗസ്ഥരെ വാർഷിക പദ്ധതിയുടെ ഭാഗമാക്കാൻ കഴിഞ്ഞു.

- കൃഷി-ക്ഷീരവികസന-മൃഗസംരക്ഷണ-സേവനമേഖലകളിൽ ആവർത്തന സ്വഭാവമുള്ളതെങ്കിലും ആവിഷ്കരിച്ച പ്രോജക്ടുകളിൽ മിക്കവയും നടപ്പാക്കി.
- അസി. എൻജിനിയറുടെ പ്രോജക്ടുകളിൽ ഭൂരിപക്ഷത്തിനും തൻവർഷം തുക ചെലവഴിക്കാൻ കഴിഞ്ഞില്ല.
- അസി. എൻജിനിയർ നടപ്പാക്കിയ പ്രോജക്ടുകളിൽ തെറ്റായ ഇനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയതു വഴി അധികച്ചെലവുണ്ടായി.
- ലൈഫ് ഭവന പദ്ധതി മികച്ച നിലയിൽ നടപ്പാക്കാൻ കഴിഞ്ഞു. എന്നാൽ വിവിധ ഘട്ടങ്ങളിലെ ഗുണഭോക്താക്കളിൽ ആദ്യ ഗഡുക്കൾ കൈപ്പറ്റിയ 05 പേർ കരാറനുസരിച്ച് ഗൃഹ നിർമാണം പൂർത്തീകരിച്ചിട്ടില്ല.
- പി.എച്ച്.സി മെഡിക്കൽ ഓഫീസർ നടപ്പാക്കിയ പ്രോജക്ട് ആവശ്യാധിഷ്ഠിതമല്ലാതെ മെൻസ്ട്രൽ കപ്പുകൾ വാങ്ങിയതിനാൽ അർഹരായ ഗുണഭോക്താക്കളില്ലാതെ അവ വിവിധ ജീവനക്കാരുടെ പക്കൽ സൂക്ഷിക്കുന്നു.
- ഗുണഭോക്തൃപട്ടികയിൽ ഉൾപ്പെടാത്ത വ്യക്തികൾക്ക് പദ്ധതി ആനുകൂല്യം അനുവദിക്കുന്ന പ്രവണത കാണുന്നു. വിശദ പരാമർശം അന്യത്ര ചേർത്തിട്ടുള്ളത് കാണുക.
- ബാലസഭാ പ്രവർത്തനത്തിന് സർക്കാർ നിരക്കിലധികരിച്ച് ചെലവ് നടത്തി.

അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

സി) സർക്കാർ ഗ്രാന്റ് വിനിയോഗത്തിലെ പിഴവ്- ഗ്രാമപഞ്ചായത്തിന് നഷ്ടമാകുന്നത് ₹5362949/- രൂപ

ധനകാര്യ വകുപ്പിന്റെ 15.07.2021-ലെ ജി.ഒ(എം.എസ്)79/2021 നമ്പർ ഉത്തരവനുസരിച്ച്, ഒരു സാമ്പത്തിക വർഷം അനുവദിക്കുന്ന വികസന ഫണ്ട്, ആസ്തി പരിപാലന ഗ്രാന്റ് വിഹിതങ്ങൾ പൂർണ്ണമായി ചെലവഴിക്കാത്ത പക്ഷം ആകെ അനുവദിച്ച തുകയുടെ പരമാവധി 20 ശതമാനം മാത്രമാണ് അടുത്ത സാമ്പത്തിക വർഷത്തെ വിനിയോഗത്തിന് ലഭ്യമാകുന്നത്. ചെലവു പരിധി 80 ശതമാനം കൈവരിയ്ക്കാത്ത സാഹചര്യത്തിൽ യഥാർത്ഥ ചെലവും അലോട്ട്മെന്റിന്റെ 80 ശതമാനവും തമ്മിലുള്ള വ്യത്യാസം (Total Allotment X 80% -Actual Expenditure) ഷോർട്ട് ഫോളായി പരിഗണിച്ച് തുടർന്നു വരുന്നതിന്റെ അടുത്ത സാമ്പത്തിക വർഷത്തെ അലോട്ട്മെന്റിൽ നിന്ന് കുറവു വരുത്തുന്നതാണ്. 2023-24 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിന് ആസ്തി പരിപാലന ഗ്രാന്റ് (റോഡ്), (റോഡിതരം) എന്നീ ഇനങ്ങളിൽ നിശ്ചിത 80% പരിധി അധികരിച്ച് ചെലവഴിയ്ക്കാനായിട്ടില്ല. തൻമൂലം ഷോർട്ട് ഫോളായി ₹5362949/- രൂപയാണ് 2025-26-ൽ നഷ്ടമാകുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഫണ്ടിനം	അലോട്ട്മെന്റ് (₹)	യഥാർത്ഥ ചെലവ് (₹)	ചെലവ് ശതമാനം	2024-25ൽ അനുവദിക്കുന്ന ക്യാരി ഓവർ തുക(20%) (₹)	ഷോർട്ട് ഫോൾ ഇനത്തിൽ 2025-26-ൽ നഷ്ടമാകുന്ന തുക
ആസ്തി പരിപാലന ഗ്രാന്റ് (റോഡ്)	10488000	3519844	33.56	2097600	4870556
ആസ്തി പരിപാലന	2845400	1783927	62.69	569080	492393

ഗ്രാന്റ് (റോഡിതരം)						
ആകെ					**5362949**	

ഗ്രാമപഞ്ചായത്തിന് വാർഷിക പദ്ധതി നിർവഹണത്തിനായി ലഭിച്ച തുക സമയബന്ധിതവും കാര്യക്ഷമവുമായി വിനിയോഗിക്കാതെ നഷ്ടപ്പെടുത്തിയ നടപടി അംഗീകരിക്കാവുന്ന വസ്തുതയല്ല. അതത് വർഷം പ്രോജക്ടുകൾക്ക് വകയിരുത്തുന്ന തുക ചെലവഴിക്കാതെ വരുന്ന സാഹചര്യം തുടർവർഷങ്ങളിൽ നൂതനമായ പ്രോജക്ടുകൾക്ക് വിഭവസമാഹരണം സാധ്യമാകാത്ത സാഹചര്യം സൃഷ്ടിക്കാനിടയാക്കുന്നുണ്ട്. ഷോർട്ട് ഫോളിലൂടെ ഗ്രാമപഞ്ചായത്തിന് സാമ്പത്തിക നഷ്ടമുണ്ടാകുന്നത് ഒഴിവാക്കാൻ ഭാവിയിൽ കർശന മുൻകരുതൽ സ്വീകരിക്കേണ്ടതാണ്. പഞ്ചായത്ത് ഭരണസമിതി, വർക്കിംഗ് ഗ്രൂപ്പ് , നിർവഹണ ഉദ്യോഗസ്ഥർ എന്നിവരുടെ അടിയന്തരശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

1-6 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ് ₹	വരവ് ₹	ആകെ ₹	ചെലവ് ₹	നീക്കിയിരിപ്പ് ₹
ഭരണ ചെലവുകൾ	1697	597809	599506	597950	1556
ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്	0	14003137	14003137	14003137	0

1-7 സാമൂഹ്യസുരക്ഷ പദ്ധതികൾ

ഓഡിറ്റ് വർഷം, വിവിധ ക്ഷേമ പദ്ധതികൾക്കായി ഗ്രാമപഞ്ചായത്ത് ചെലവഴിച്ച തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്ഷേമപദ്ധതി	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
വാർദ്ധക്യകാല പെൻഷൻ	20,771,700/-	2007
കർഷക തൊഴിലാളി പെൻഷൻ	12,48,000/-	101
വിധവ പെൻഷൻ	58,93,900/-	545
50 വയസിലധികം പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ	4,97,600/-	42
വികലാംഗ പെൻഷൻ	25,71,900/-	229
വിധവകളുടെ മക്കൾക്കുള്ള പെൺ മക്കൾക്കുള്ള വിവാഹ ധനസഹായം	30,000/-	1
തൊഴിൽ ഇല്ലായ്മ വേതനം	7680/-	5

1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന, 24.07.2024 -ന് 03.02 PM -ന് അക്കൗണ്ടൻറ്, കാഷ്യർ എന്നിവരുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസ് 1,826/- രൂപയുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണ സംവിധാനം

പതിനാലംഗ ഭരണസമിതി നിയന്ത്രിക്കുന്ന ഗ്രാമപഞ്ചായത്തിന്റെ ഉദ്യോഗസ്ഥ ഘടന താഴെ പട്ടികയിൽ പരാമർശിയ്ക്കുന്നു.

തസ്തിക	എണ്ണം
സെക്രട്ടറി	01
അസി. സെക്രട്ടറി	01
ഹെഡ് ക്ലാർക്ക്	01
ഹെഡ് അക്കൗണ്ടന്റ്	01
സീനിയർക്ലാർക്ക്	02
ക്ലാർക്ക്	04
ഓഫീസ് അറ്റന്റന്റ്	03
പാർട് ടൈം സ്വീപ്പർ	01

ഇതോടൊപ്പം കരാർ അടിസ്ഥാനത്തിൽ നിയമിയ്ക്കപ്പെട്ട ആംബുലൻസ് ഡ്രൈവർ, ടെക്നിക്കൽ അസിസ്റ്റന്റ്, പ്രോജക്ട് അസിസ്റ്റന്റ്, ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ ഏകോപനത്തിന് നിയമിതമായ ജീവനക്കാർ എന്നിവരും സേവനം അനുഷ്ഠിക്കുന്നു.

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവായി വിലയിരുത്തിയതിൽ ശ്രദ്ധയിൽപ്പെട്ട വിഷയങ്ങൾ ചുവടെ ക്രോഡീകരിക്കുന്നു.

1. ജീവനക്കാരുടെ ചുമതലകൾ ഓഫീസ് ഉത്തരവ് മുഖേന വിഭജിച്ച് നൽകിയിട്ടുണ്ട്. എറ്റവും ഒടുവിൽ പുതുക്കിയത് 15.05.2024-ൽ (നം.04/2024) . അതത് സമയങ്ങളിലെ ജോലികൾ നിർവഹിക്കുന്നതിനായി പ്രത്യേകമായും ഓഫീസ് ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

2. മിനിട്സ് ബുക്കുകൾ, ബിൽ രജിസ്റ്റർ, KURDFC വായ്പ രജിസ്റ്റർ, മൂൻകൂർ രജിസ്റ്റർ, നിക്ഷേപ രജിസ്റ്റർ, വൗച്ചറുകൾ തുടങ്ങിയവയുടെ സൂക്ഷിപ്പ് തൃപ്തികരമാണ്.

3. അതത് മാസങ്ങളിലെ വരവ് – ചെലവുകൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിക്കുന്നുണ്ട്. ബജറ്റ്, ധനകാര്യ പത്രിക എന്നിവയും തയ്യാറാക്കി അംഗീകരിച്ചിട്ടുണ്ട്. എന്നാൽ വിവിധ അക്കൗണ്ടുകളുടെ പ്രതിമാസ പൊരുത്തപ്പെടുത്തലുകൾ 2024 മാർച്ചിനു ശേഷം നടത്തിയിട്ടില്ല.

4. തനതു വരുമാനസ്രോതസുകൾ സമയബന്ധിതമായി പിരിച്ചെടുക്കുവാൻ വിവിധ ഓഫീസ് ഉത്തരവുകളിലൂടെ ജീവനക്കാർക്ക് ടാർഗറ്റ് നിശ്ചയിച്ച് ശ്രമം നടന്നിട്ടുണ്ട്. പിരിവ് ശതമാനം 97%.

5. വസ്തു നികുതി തെറ്റായി നിർണയിക്കുക, ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ജോലി ചെയ്യുന്ന എല്ലാ വിഭാഗങ്ങളെയും തൊഴിൽനികുതി പരിധിയിൽ കൊണ്ടു വരാതിരിക്കുക, കെട്ടിട നിർമാണ പെർമിറ്റ്, വ്യാപാര-സംരംഭക ലൈസൻസ് ഫീസ് തുടങ്ങിയവ കൃത്യമായ നിരക്കിൽ ഈടാക്കാതിരിക്കുക തുടങ്ങിയവയിലൂടെ വരുമാനച്ചോർച്ച സംഭവിച്ചു.

6. സർക്കാരിന്റെ സാമ്പത്തിക പ്രതിസന്ധി മൂലം ഗ്രാന്റുകളിൽ കുറവു വരുത്തുന്നത് റവന്യൂ വരുമാനത്തിൽ വൻ പ്രതിസന്ധിയുണ്ടാക്കുന്നു. പൊതു ആവശ്യ ഗ്രാന്റിന്റെ മൂന്നു ഗഡുക്കളാണ് ഇത്തരത്തിൽ നഷ്ടമായത്. ആകെ നഷ്ടം മുപ്പത്തിനാലു ലക്ഷത്തിൽപ്പരം രൂപ.

7. വാഹനത്തിന്റെ സൂക്ഷിപ്പിൽ ചട്ടങ്ങൾ പാലിക്കുന്നു. ലോഗ് ബുക്കിൽ യാത്രയുടെ വിവരങ്ങൾ, അവയുടെ സാക്ഷ്യപ്പെടുത്തൽ, ഇന്ധനം നിറയ്ക്കൽ, ഉപഭോഗം, പ്രതിമാസ ക്ലോസിംഗ്, അറ്റകുറ്റപ്പണികൾ തുടങ്ങിയ വിവരങ്ങൾ കാലികമായി രേഖപ്പെടുത്തിയിട്ടുണ്ട്.

8. ILGMS-ലൂടെയുള്ള ഭരണ നിർവഹണത്തിൽ പുരോഗതിയുണ്ട്.

9. സ്ഥാവര-ജംഗമ ആസ്തികളുടെ വിവരങ്ങൾ കൃത്യമായി ക്രോഡീകരിച്ച് സൂക്ഷിക്കുവാനും യഥാകാലം കൂട്ടിച്ചേർക്കലുകൾ നടത്തി സമഗ്രമാക്കാനും സർക്കാർ കർശന നിർദ്ദേശങ്ങൾ നൽകിയിട്ടും അത് നാളിതുവരെ പൂർണമായിട്ടില്ല.

10. വാർഷിക പദ്ധതി നിർവഹണത്തിൽ ലഭ്യമായ നിർവഹണ ഉദ്യോഗസ്ഥരുടെ സേവനം വിനിയോഗിച്ചിട്ടുണ്ടെങ്കിലും സർക്കാർ ഗ്രാന്റുകൾ ചെലവഴിക്കുന്നതിൽ വേണ്ടത്ര ചെലവു പുരോഗതി കൈവരിക്കാൻ കഴിയാതിരുന്നതിനാൽ വൻ ഷോർട്ട് ഫോൾ സംഭവിച്ചു. റോഡ്-റോഡിതര ആസ്തി പരിപാലന ഗ്രാന്റിലെ ഷോർട്ട് ഫാളിലൂടെ നഷ്ടമാകുന്നത് 53 ലക്ഷം രൂപ (വിശദ പരാമർശം അന്യത്ര ചേർത്തിട്ടുള്ളത് കാണുക).

11. വാർഷിക പദ്ധതിയിൽ ആവിഷ്ക്കരിച്ച പ്രോജക്ടുകൾ ഏറിയ പങ്കും നടപ്പാക്കാൻ കഴിഞ്ഞില്ല.

12. മാലിന്യസംസ്കരണം ഹരിതകർമസേന മുഖേന നടപ്പാക്കി വരുന്നുണ്ട്. എം.സി.എഫ് നിർമാണം അന്തിമ ഘട്ടത്തിലേക്ക് പുരോഗമിക്കുന്നു. വസ്തു വാങ്ങി അതിലേക്ക് റോഡ് സൗകര്യം സജ്ജമാക്കാനും കഴിഞ്ഞു.

13. സാമൂഹ്യ സുരക്ഷാ പെൻഷൻ അപേക്ഷകൾ തീർപ്പാക്കുന്നതിലും മരണപ്പെട്ട വ്യക്തികളുടെ പെൻഷൻ റദ്ദ് ചെയ്യുന്നതിലും കാര്യക്ഷമത കൈവരിച്ചിട്ടുണ്ട്.

അഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോമൻസ് ഓഡിറ്റ്	1.9.2021-6.9.2021	2020-2021	റിപ്പോർട്ട് ലഭിച്ചിട്ടില്ല
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	31.05.2018	2017-18	LBA(HQ)/II /1/8A-54/ 2018-19/78 Dtd:10.07.2018

1-11 വസ്തു നികുതി പരിഷ്കരണം - കെട്ടിടങ്ങൾക്ക് പുതുക്കിയ നിരക്ക് ബാധകമാക്കിയില്ല

22.03.2023 ലെ സ.ഉ.(കൈ) നം.77/2023/LSGD ഉത്തരവ് പ്രകാരം, 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പരിഷ്കരണ നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം, 31.03.2023 വരെ നികുതി നിർണ്ണയിക്കപ്പെട്ട കെട്ടിടങ്ങൾക്ക് തുടർവർഷം 5% വർദ്ധനവും, 01.04.2023 മുതലുള്ള നികുതി നിർണ്ണയങ്ങൾക്ക് പുതിയ നിരക്കുമാണ് നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്. തദ്ദേശസ്വയംഭരണവകുപ്പിന്റെ 05.04.2023-ലെ സ.ഉ.(അച്ചടി) നം.25/2023 നമ്പർ ഉത്തരവിലെ നിരക്കുകൾ അടിസ്ഥാനപ്പെടുത്തി ഗ്രാമപഞ്ചായത്ത് നികുതി നിരക്കുകൾ അന്തിമമായി വിജ്ഞാപനം ചെയ്തിട്ടുണ്ട് (ഭരണസമിതിയുടെ 12 (1)/ 15.07.2023 നം. തീരുമാനം). എന്നാൽ, 2023-24 സപ്ലിമെന്ററി അസസ്മെന്റ് ഡാറ്റാബേസ് പരിശോധിച്ചതിൽ, 01.04.2023 -ന് ശേഷം നികുതി നിർണ്ണയിക്കപ്പെട്ട വിവിധ കെട്ടിടങ്ങൾക്ക് പുതിയ നിരക്കിൽ നികുതി നിരക്ക് ബാധകമാക്കിയിട്ടില്ലായെന്ന് വ്യക്തമായിട്ടുണ്ട്. ഉദാഹരണമായി, പാർപ്പിടാവശ്യത്തിനുള്ള കെട്ടിടത്തിന് നിലവിലുണ്ടായിരുന്ന 5 രൂപയിൽ നിന്ന് 7 രൂപ നിരക്കിൽ നികുതി പുതുക്കി നിശ്ചയിച്ചിട്ടുണ്ടെങ്കിലും, ചുവടെ ചേർക്കുന്ന കെട്ടിടങ്ങൾക്ക് പരിഷ്കരിച്ച നികുതി നിരക്ക് ബാധകമായിട്ടില്ല.

ക്രമ നം.	വാർഡ്/ കെട്ടിട നം.	കെട്ടിട ഉടമയുടെ പേര് /വിലാസം	ഒക്യുപൻസി	നിശ്ചയിച്ച നികുതി നിരക്ക് (Rs.)	നികുതി നിർണ്ണയിച്ച തീയതി
1)	13/450 A	ലിജോമോൻ ജോർജ് കൊച്ചുപുരയ്ക്കൽ തിടനാട്	പാർപ്പിടാവശ്യം	5/-	14.09.2023
2)	1/248 A	ജോസ് കുര്യൻ വാഴേപറമ്പിൽ അമ്പാറനിരപ്പേൽ	പാർപ്പിടാവശ്യം	5/-	04.08.2023
3)	3/98	കുര്യൻ കരോട്ടുപുള്ളോലിൽ കൊണ്ടൂർ	പാർപ്പിടാവശ്യം	5/-	11.12.2023
4)	5/48 E	ലിന്റാ പൂവത്തിങ്കൽ അരുവിത്തുറ	പാർപ്പിടാവശ്യം	5/-	26.10.2023
5)	8/184 A	മാത്യു സെബാസ്റ്റ്യൻ തെക്കേൽ തമ്പലക്കാട്	പാർപ്പിടാവശ്യം	5/-	07.10.2023

അന്തിമ വിജ്ഞാപനപ്രകാരം അംഗീകരിച്ച പുതുക്കിയ നികുതി നിരക്ക് പ്രസ്തുത കെട്ടിടങ്ങൾക്ക് ബാധകമാകാത്തതിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.19/തീ.30.07.2024), മറുപടി ലഭ്യമായില്ല. പ്രസ്തുത രീതിയിൽ വസ്തു നികുതി പരിഷ്കരണത്തിൽ നിന്നും ഇതര കെട്ടിടങ്ങളും ഒഴിവാക്കപ്പെട്ടിട്ടുണ്ടോയെന്ന വിഷയം പരിശോധിക്കേണ്ടതും, അപാകത സ്ഥിരീകരിക്കുന്നപക്ഷം നികുതി പുനർനിർണ്ണയിച്ച് തുക ഈടാക്കി വിവരമറിയിക്കേണ്ടതുമാണ്.

1-12 വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തെ വ്യത്യസ്ത നമ്പറുകൾ നൽകി കുറഞ്ഞ നിരക്കിൽ വസ്തു നികുതി നിർണ്ണയിച്ചു

സഞ്ചയ വെബ് പോർട്ടലിൽ സൂക്ഷിച്ചിട്ടുള്ള ഗ്രാമപഞ്ചായത്തിന്റെ വസ്തു നികുതി അസസ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ, വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്ന ഒരേ വ്യക്തിയുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തെ ഉപയോഗക്രമം മുൻനിർത്തി ഒന്നായി നികുതി നിശ്ചയിക്കുന്നതിനു പകരം വിവിധ മുറികളായി വ്യത്യസ്ത നമ്പറുകൾ നൽകി വസ്തു നികുതി നിർണ്ണയിച്ചതായി വ്യക്തമായിട്ടുണ്ട്. 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം, ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4 -ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ, പ്രത്യേക കെട്ടിടങ്ങളായി പരിഗണിച്ച് ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. എന്നാൽ, ഒരേ വ്യക്തിയുടെ ഉടമസ്ഥതയിലുള്ളതും, 100ച.മീ. കൂടുതൽ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനായി ഉപയോഗിക്കുന്നതുമായ കെട്ടിടത്തിന്റെ ഓരോ ഭാഗത്തിനും വ്യത്യസ്ത നമ്പരുകൾ നൽകി 30 രൂപ/-ച. മീറ്റർ നിരക്കിലാണ് (വാണിജ്യാവശ്യത്തിനുള്ളവ 100 ച. മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ,

റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ എന്ന ഉപയോഗക്രമത്തിൽ) നികുതി നിർണ്ണയിക്കപ്പെട്ടിരിക്കുന്നത്. ഗ്രാമ പഞ്ചായത്തിലെ വസ്തു നികുതി പരിഷ്ക്കരണ വിജ്ഞാപനം (No. C -679/2011/തീ.07.01.2012) പ്രകാരം, 100 ച. മീ. മുകളിൽ വിസ്തീർണമുള്ളതും വാണിജ്യാവശ്യത്തിനായി ഉപയോഗിക്കുന്നതുമായ കെട്ടിടങ്ങൾക്ക് 50/-രൂപ/ച. മീറ്റർ നിരക്കിലാണ് നികുതി നിശ്ചയിക്കേണ്ടത്. കൊണ്ടൂർ വില്ലേജിൽ സർവേ നം. 374/ 6, 374/ 8 -ൽ ഉൾപ്പെട്ട പ്രസ്തുത കെട്ടിടത്തിന്റെ നികുതി നിർണയ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	വാർഡ്/ കെട്ടിട നം.	കെട്ടിട ഉടമയുടെ പേര് /വിലാസം	തറ വിസ്തീർണ്ണം (ച. മീ)	നിർണ്ണയിക്കേണ്ട അടിസ്ഥാന നികുതി (Rs. 50/ M2)	നിലവിൽ നിർണ്ണയിച്ച അടിസ്ഥാന നികുതി (Rs. 30/ M2)	അടിസ്ഥാന നികുതി തുകയിലുണ്ടായിട്ടുള്ള കുറവ് (Rs.)
1)	X/47 A	ജോസ് കുരുവിള കോക്കാട്ട് കാളകെട്ടി	17.22	12,676/-	7,606/-	5,070/-
2)	X/47 B		25.95			
3)	X/47 C		27.68			
4)	X/47 D		22.47			
5)	X/47 E		17.26			
6)	X/47 F		41.47			
7)	X/47 G		47.33			
8)	X/47 H		33.65			
9)	X/47 I		20.48			
	ആകെ		**253.51**	**12,676/-**	**7,606/-**	**5,070/-**

നികുതി നിർണയത്തിലെ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (18/30.07.2024), മറുപടി ലഭ്യമായിട്ടില്ല. 10.07.2020-ൽ, ഇപ്രകാരം വിഭജിച്ച് നമ്പറിംഗ് നടത്തി നികുതി നിർണ്ണയിക്കപ്പെട്ടിട്ടുള്ള പ്രസ്തുത കെട്ടിടം, ഉചിതമായ ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി നികുതി പുനർനിർണയിക്കുവാൻ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1- 13 മൊബൈൽ ടെലികമ്മ്യൂണിക്കേഷൻ ടവറിന്റെ വസ്തുനികുതി ഈടാക്കിയില്ല

1) ഗ്രാമ പഞ്ചായത്ത് വാർഡ് - VI-ൽ സ്ഥാപിച്ചിട്ടുള്ള റിലയൻസ് കമ്മ്യൂണിക്കേഷൻസ് ലി. ഉടമസ്ഥതയിലുള്ള മൊബൈൽ ടെലികമ്മ്യൂണിക്കേഷൻ ടവറിന്റെ തൻവർഷ വസ്തുനികുതി സമയബന്ധിതമായി ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	വാർഡ്/ കെട്ടിട നം.	മൊബൈൽ ടെലികമ്മ്യൂണിക്കേഷൻ ടവർ	കുടിശ്ശിക കാലയളവ് / വർഷം	ഗ്രന്ഥശാലാ വരി ഉൾപ്പെടെയുള്ള ആകെ നികുതി തുക
1)	VI/ 367 A	റിലയൻസ് കമ്മ്യൂണിക്കേഷൻസ് ലി.	2023-24 (I) & (II)	25,303
	ആകെ			**25,303/-**

സമയബന്ധിതമായി നികുതി തുക ഈടാക്കാത്തതിനുള്ള വിശദീകരണം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.17/തീ.30.07.2024), അരിയർ നോട്ടീസ് നൽകുകയും, ഓൺലൈൻ ആർ. ആർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നുമുള്ള മറുപടി ലഭ്യമായിട്ടുണ്ട്. ഈ വിഷയത്തിലെ തുടർ നടപടികൾ പൂർത്തീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

2) 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം - 11 പ്രകാരം, കെട്ടിട ഉടമ, തന്റെ കെട്ടിടത്തെ സംബന്ധിച്ച എല്ലാ വിവരങ്ങളടങ്ങിയതും, അവ സത്യമാണെന്ന് സ്വയം സാക്ഷ്യപ്പെടുത്തിയതുമായ വസ്തു നികുതി റിട്ടേൺ, ചട്ടം - 10, ഉപചട്ടം - 2 പ്രകാരം, സെക്രട്ടറി പ്രസിദ്ധീകരിയ്ക്കുന്ന നോട്ടീസിൽ ആവശ്യപ്പെടുന്ന സമയ പരിധിക്കകം, സെക്രട്ടറി അല്ലെങ്കിൽ സെക്രട്ടറി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ മുമ്പാകെ സമർപ്പിക്കേണ്ടതാണ്. കെട്ടിട ഉടമ സമർപ്പിക്കുന്ന വസ്തു നികുതി റിട്ടേൺ, ഫാറം - 2 ൽ ആയിരിക്കേണ്ടതാണ്. ആയതിനാൽ, ഗ്രാമ പഞ്ചായത്ത് പരിധിയിൽ, വിവിധ വാർഡുകളിൽ മൊബൈൽ ടെലികമ്മ്യൂണിക്കേഷൻ ടവറുകൾ സ്ഥാപിച്ചിട്ടുള്ള മൊബൈൽ സേവനദാതാക്കളിൽ, ഫാറം - 2 ൽ നിർദ്ദേശിയ്ക്കപ്പെട്ടിട്ടുള്ള വിവരങ്ങൾ ലഭ്യമാക്കാത്ത കമ്പനികളുടെ വിശദാംശങ്ങൾ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.17/തീ.30.07.2024), മറുപടി ലഭ്യമായിട്ടില്ല. ആവശ്യപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1- 14 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല

ഗ്രാമപഞ്ചായത്തിൽ പരിപാലിയ്ക്കുന്ന തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ, ഗ്രാമ പഞ്ചായത്ത് പരിധിയിലുൾപ്പെട്ട വിവിധ സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	ജീവനക്കാരന്റെ/സ്ഥാപനത്തിന്റെ പേര്	അർദ്ധവർഷം
1)	തിടനാട് മഹാദേവ ക്ഷേത്രം	I & II
2)	ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള വിവിധ റേഷൻ കടകൾ	I & II
3)	ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള വിവിധ ക്ഷീരോത്പാദക സഹകരണ സംഘങ്ങൾ	I & II

പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടുള്ളപക്ഷം വിശദാംശങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.13/തീ.30.07.2024), മറുപടി ലഭ്യമായിട്ടുണ്ട്. ക്രമ നം. (1) ന്റെ തൊഴിൽ നികുതി ഈടാക്കുന്നതുമായി ബന്ധപ്പെട്ട് റവന്യൂ റിക്കവറി ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ടെന്നും, ഓൺലൈൻ ആർ.ആർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കുന്നതാണെന്നും, ക്രമ നം. (1) & (2) ന്റെ തൊഴിൽ നികുതി ഈടാക്കുവാൻ നടപടി സ്വീകരിക്കുന്നതാണെന്നും മറുപടിയിൽ അറിയിച്ചിട്ടുണ്ട്. തുടർ വർഷങ്ങളിൽ അപാകതയുണ്ടാകാതെ ശ്രദ്ധിക്കേണ്ടതും, നികുതി തുക ഈടാക്കി വിവരം രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

1-15 കരാറുകാരുടെ തൊഴിൽ നികുതി ഈടാക്കുന്നില്ല

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന വിവിധ മേഖലകളിൽ കരാർ പ്രവൃത്തികൾ ചെയ്യുന്നവരുടെ തൊഴിൽ നികുതി ഈടാക്കിയ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിന്റെ വാർഷിക പദ്ധതിയിലുൾപ്പെട്ട് മരാമത്ത് പദ്ധതികൾ ഏറ്റെടുത്ത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുകയോ അവർ മറ്റേതെങ്കിലും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ നികുതി ഒടുക്കിയതായ രേഖകൾ സൂക്ഷിക്കുകയോ ചെയ്തിട്ടില്ല . 1994-ലെ കേരള പഞ്ചായത്ത് രാജ്

നിയമം വകുപ്പ് 204(1) പ്രകാരം പഞ്ചായത്ത് പ്രദേശത്ത് സാമ്പത്തിക വർഷം 60 ദിവസത്തിൽ കുറയാതെ തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടവർക്ക് തൊഴിൽ നികുതി ചുമത്തേണ്ടതാണ്.ഗ്രാമപഞ്ചായത്തിലെ മരാമത്ത് പ്രവൃത്തികളുടെ തൻവർഷത്തെ കരാർ രജിസ്റ്റർ പ്രകാരം മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാരുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	കരാർ ഏറ്റെടുത്ത വ്യക്തിയുടെ പേര്
1)	ജോമി മാത്യു, പ്ലാത്തോട്ടത്തിൽ
2)	ഷാജി മാത്യു, കണ്ടത്തിൽ
3)	റോയ് മാത്യു, കണിയാംപടത്തിൽ
4)	പി.റ്റി. മാത്യു, പുൽത്തകിടിയേൽ
5)	സജി. എം. എം, മടപ്പള്ളിക്കുന്നേൽ
6)	ജെയ്സ്മോൻ മാത്യു, പുൽത്തകിടിയേൽ
7)	അരുൺ. എസ്, ആസ്പയർ ഇലക്ട്രിക്, പാലാ
8)	അനിൽ കുര്യാക്കോസ്, തയ്യിൽ കാരമുള്ളിൽ
9)	സുരേഷ് ബാബു, കൊച്ചുപുരയ്ക്കൽ
10)	മെജോ മാത്യു, പുളിമൂട്ടിൽ
11)	ഗിരീഷ് കുമാർ, അഴിയത്ത്
12)	ഷോജി ജോസഫ്, അയലക്കുന്നേൽ കൺസ്ട്രക്ഷൻസ്

പ്രസ്തുത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുള്ള പക്ഷം വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.14/തീ.30.07.2024), മറുപടി ലഭ്യമായിട്ടില്ല. തുടർ വർഷങ്ങളിൽ അപാകതയുണ്ടാകാതെ ശ്രദ്ധിക്കേണ്ടതും, 2023-24 വർഷത്തെ നികുതി തുക ഈടാക്കി വിവരം രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

1-16 ലൈസൻസ് ഫീസ് - കുറഞ്ഞ നിരക്കിൽ ഈടാക്കി

1996-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാര സ്ഥാപനങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ - ചട്ടം 7, 17, 18, 19, 20, 21, 22/പട്ടിക II, III, IV പ്രകാരം ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന വിവിധ വ്യാപാര സ്ഥാപനങ്ങളെ ലൈസൻസ് പരിധിയിൽ കൊണ്ടുവരേണ്ടതും ലൈസൻസ് ഫീസ് ഈടാക്കേണ്ടതുമാണ്. എന്നാൽ ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ചട്ടപ്രകാരമുള്ള ലൈസൻസ് ഫീ ഈടാക്കിയിട്ടില്ല.

ക്രമ നം.	ലൈസൻസിയുടെ പേര് / വിലാസം ലൈസൻസ് നം./ തീയതി	വ്യവസായം	വ്യവസായം ഉൾപ്പെടുന്ന ഭാഗം / മേഖല	പട്ടിക II പ്രകാരം ഈടാക്കേണ്ടിയിരുന്ന പരമാവധി ലൈസൻസ് ഫീസ്	ഈടാക്കിയ ലൈസൻസ് ഫീസ് രസീത് നം. / തീയതി
1)	തോമസ് കരിപ്പാപ്പറമ്പിൽ	കാപ്പി, തേയില, തേൻ, ശർക്കര	മൈക്രോ എന്റർപ്രൈസസ്/	500/-	300/-

	ചെറിയാൻ കരിപ്പാപ്പറമ്പിൽ ചേറ്റുതോട് No. 13/23-24 /JC2/1849/23/ 19.04.23	തുടങ്ങിയവയുടെ മൊത്ത വ്യാപാരവും ചില്ലറ വ്യാപാരവും	സേവന മേഖല		1230100079/17.04.23
2)	ഫിലോമിന കുരുവിള കോക്കാട് കാളകെട്ടി No. 6/23-24 /JC2/1198/23/ 19.04.23	ഫർണ്ണീച്ചർ നിർമ്മാണം	മൈക്രോ എന്റർപ്രൈസസ്/ സേവന മേഖല	500/-	300/- 1220400346/23.03.23
3)	കെ. റ്റി. ജോർജ്ജ് കരുവാൻപ്ലാക്കൽ കാളകെട്ടി No. 73/23-24 /JC2/73/23/ 01.04.23	സിമന്റ് കമ്പി, ചുടുകട്ട, എ. സി. ഷീറ്റ് തുടങ്ങിയവയുടെ വിൽപ്പന	മൈക്രോ എന്റർപ്രൈസസ്/ സേവന മേഖല	500/-	300/- 1220400322/23.03.23
4)	ബിജു ജോസഫ് മുകളേൽ ചെമ്മലമറ്റം No. 85/23-24 /JC2/88/23/ 01.04.23	ടെക്സ്റ്റയിൽസ് & റെഡിമെയ്ഡ്സ്	മൈക്രോ എന്റർപ്രൈസസ്/ സേവന മേഖല	500/-	300/- 1220400337/23.03.23
5)	റാണി സണ്ണി പന്തപ്ലാക്കൽ കാളകെട്ടി No. 114/23-24 /JC2/50/23/ 01.04.23	ടെക്സ്റ്റയിൽസ് & റെഡിമെയ്ഡ്സ്	മൈക്രോ എന്റർപ്രൈസസ്/ സേവന മേഖല	500/-	300/- 1220400300/23.03.23

കുറഞ്ഞ നിരക്കിൽ ലൈസൻസ് ഫീസ് ഈടാക്കാനുണ്ടായ സാഹചര്യത്തിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.15/തീ.30.07.2024), മറുപടി ലഭ്യമായിട്ടില്ല. തുടർ വർഷങ്ങളിൽ ഫീൽഡ് തല പരിശോധനകൾ കർശനമാക്കിയും സമർപ്പിക്കുന്ന രേഖകളുടെ ആധികാരികത, യുക്തിഭദ്രത എന്നിവ വിലയിരുത്തിയും ചട്ടപ്രകാരമുള്ള നിരക്കിൽ ലൈസൻസ് ഫീസ് ഈടാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-17 അംഗീകൃത ബിൽഡിംഗ് പെർമിറ്റിൽ അധികരിച്ചുള്ള നിർമ്മാണം ക്രമവത്കരിച്ചില്ല

ഗ്രാമ പഞ്ചായത്ത് പരിധിയിലുൾപ്പെട്ട വിവിധ കെട്ടിടങ്ങളുടെ ബിൽഡിംഗ് പെർമിറ്റ്, നമ്പറിംഗ് നടപടിക്രമങ്ങൾ എന്നിവ പരിശോധിച്ചതിൽ, ചുവടെ ചേർത്തിട്ടുള്ള വ്യക്തികൾ തങ്ങൾക്ക് അനുവദിച്ച പെർമിറ്റിൽ നിന്ന് വ്യതിചലിച്ച് നിർമാണം നടത്തിയിട്ടുള്ളതായി കാണുന്നു.

ക്രമ നം.	വാർഡ്/ കെട്ടിട നം.	കെട്ടിട ഉടമയുടെ പേര് /വിലാസം	ബിൽഡിംഗ് പെർമിറ്റ് നം./ തീയതി	കംപ്ലീഷൻ പ്ലാൻ പ്രകാരമുള്ള തറ വിസ്തീർണ്ണം (M2)	ബിൽഡിംഗ് പെർമിറ്റിനായി പരിഗണിച്ച തറ വിസ്തീർണ്ണം (M2)	തറ വിസ്തീർണ്ണത്തിൽ ഉണ്ടായിട്ടുള്ള വ്യതിയാനം (M2)
1)	VI/1 C	കെ. വി. രാജു കണ്ടത്തിൽ തിടനാട്	A2-BA(161439)/ 23/09.05.23	224.55	222.69	1.86
2)	XIII/582	ബെന്നി തോമസ് & ബിനി ബെന്നി വാവലാങ്കൽ തിടനാട്	A2-BA(139231)/ 22/27.04.22	88.44	68.97	19.47

2019-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ (അനുമതിയില്ലാത്ത നിർമ്മാണങ്ങളുടെയും വ്യതിയാനങ്ങളുടെയും ക്രമവത്കരണ) ചട്ടങ്ങൾ, ചട്ടം - 92 പ്രകാരം, കെട്ടിട നിർമ്മാണമോ, പുനർനിർമ്മാണമോ, കൂട്ടിച്ചേർക്കലോ, വ്യതിയാനം വരുത്തലോ, കിണർ കുഴിക്കലോ, വാർത്താവിനിമയ ഗോപുര നിർമ്മാണമോ, ഏതെങ്കിലും ഘടനയോ, ഭൂവികസനമോ, മറ്റേതെങ്കിലും പ്രവൃത്തിയോ ആരംഭിച്ചിട്ടുണ്ടെങ്കിലോ, നടത്തിക്കൊണ്ടിരിക്കുകയാണെങ്കിലോ, പൂർത്തീകരിച്ചിട്ടുണ്ടെങ്കിലോ, അവ ക്രമവത്കരിക്കുന്നതിനുള്ള അധികാരം സെക്രട്ടറിക്ക് ഉണ്ടായിരിക്കുന്നതാണ്. അനുവദിച്ച പെർമിറ്റിൽ നിന്നും വ്യതിചലിച്ച നടത്തിയ നിർമാണം ക്രമവത്ക്കരിക്കാൻ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (25/30.07.2024), മറുപടി ലഭ്യമായിട്ടുണ്ട്. ഓഡിറ്റ് വേളയിൽ ലഭ്യമാക്കിയ അന്വേഷണക്കുറിപ്പിന്റെ അടിസ്ഥാനത്തിൽ, ക്രമ നം.(1)- ന്റെ നടപടികൾ പൂർത്തീകരിച്ച് ക്രമവത്കരണ ഫീസ് ഇനത്തിൽ 372/- രൂപ (രസീത് നം. 1240100779/ 31.07.2024) ഈടാക്കി വിവരം അറിയിച്ചിട്ടുണ്ട്. ക്രമ നം. (2)- ന്റെ ക്രമവത്കരണ നടപടികൾ പൂർത്തീകരിച്ച് വിവരം അറിയിക്കുന്നതാണെന്നും മറുപടിയിൽ പരാമർശിച്ചിട്ടുണ്ട്. ക്രമ നം. (2)- ന്റെ ക്രമവത്കരണ നടപടികൾ പൂർത്തിയാക്കി, വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-18 ബിൽഡിംഗ് പെർമിറ്റ് - അധിക മേൽക്കൂര നിർമ്മാണം പെർമിറ്റ് പരിധിയിൽ കൊണ്ടുവന്നില്ല

2019-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ, ചട്ടം - 74 പ്രകാരം, മൂന്ന് നിലകൾ വരെയുള്ളതും, ഉയരം 10 മീറ്ററിൽ കൂടാത്തതുമായ കെട്ടിടങ്ങൾക്ക് ടെറസിന് മുകളിൽ പരമാവധി 2.4 മീറ്റർ വരെ (2020-ലെ ഭേദഗതി ചട്ടങ്ങൾ പ്രകാരം 1.8 M എന്നത്, 2.4 M ആയി പരിഷ്കരിച്ചിട്ടുണ്ട്) ഉയരത്തിൽ ഷീറ്റ്/ഓട് കൊണ്ടുള്ള ചരിഞ്ഞ മേൽ കൂര നിർമ്മിക്കുന്നതിന് സെക്രട്ടറിക്ക് അനുമതി നൽകാവുന്നതാണ്. അപേക്ഷാ ഫീസും പെർമിറ്റ് ഫീസും ഷെഡ്യൂൾ I, ഷെഡ്യൂൾ II എന്നിവയിലേതു പോലെ ആകേണ്ടതാണ്.

എന്നാൽ, ഇപ്രകാരമുള്ള അധിക മേൽക്കൂര നിർമ്മാണം, പെർമിറ്റ് പരിധിയിൽ കൊണ്ടുവരുന്നതായോ, ആയതിന് പെർമിറ്റ് ഫീ ഈടാക്കുന്നതായോ വ്യക്തമായിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	കെട്ടിട ഉടമയുടെ പേരും വിലാസവും	ബിൽഡിംഗ് പെർമിറ്റ് നം./ തീയതി	ഒക്യുപൻസി	പെർമിറ്റിനായി പരിഗണിച്ച തറ വിസ്തീർണ്ണം (M^2)
1)	കെ. വി. രാജു കണ്ടത്തിൽ തിടനാട്	A2-BA(161439)/23 /09.05.23	റസിഡൻഷ്യൽ	222.69
2)	കെ. റ്റി. തങ്കച്ചൻ കേളിയം പറമ്പിൽ ആനക്കല്ല്	A2-BA(227612)/23 /03.06.23	റസിഡൻഷ്യൽ	231.30
3)	ലിജോ വർഗ്ഗീസ് കുമ്പുക്കൽ കാളകെട്ടി	A2-BA(70612)/24 /25.02.24	റസിഡൻഷ്യൽ	272.41

പ്രസ്തുത കെട്ടിടങ്ങൾക്ക് ബിൽഡിംഗ് പെർമിറ്റ് അനുവദിച്ച് നൽകിയിട്ടുള്ള, അപ്രൂവ്ഡ് പ്ലാൻ പ്രകാരമുള്ള അധിക മേൽക്കൂരയ്ക്ക് (ഷീറ്റ്/ ഓട്), പെർമിറ്റ് ഫീസ് ഈടാക്കിയിട്ടുള്ള വിവരം വ്യക്തമല്ല. അധിക മേൽക്കൂര നിർമ്മാണത്തിന് പെർമിറ്റ് ഫീസ് ഈടാക്കിയിട്ടുള്ള പക്ഷം വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.16/തീ.30.07.2024), 2.40 മീറ്ററിൽ കൂടുതലുള്ള റൂഫ് ഏരിയയ്ക്ക് പെർമിറ്റ് ഫീസ് ഈടാക്കി വരുന്നുണ്ടെന്നും, 2.40 മീറ്ററിൽ താഴെയുള്ള റൂഫ് ഏരിയ കെട്ടിട നമ്പറിംഗ് സമയത്ത് പ്രവേശനമാർഗ്ഗം നൽകി ഉപയോഗപ്രദമാക്കുകയാണെങ്കിൽ ആയത് ക്രമവത്കരിച്ച് ഇരട്ടി ഫീസ് ഈടാക്കി വരുന്നതുമാണെന്നുള്ള മറുപടി ലഭ്യമായിട്ടുണ്ട്. ടെറസിന് മുകളിൽ പരമാവധി "2.4 മീറ്റർ വരെ" ഉയരത്തിൽ ഷീറ്റ്/ഓട് കൊണ്ടുള്ള ചരിഞ്ഞ മേൽ കൂര നിർമ്മിക്കുന്നതിന് സെക്രട്ടറിക്ക് അനുമതി നൽകാവുന്നതാണെന്നും അതിന് പെർമിറ്റ് ഫീസ് ബാധകമാണെന്നും ചട്ടത്തിൽ വ്യക്തമാക്കിയിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത മറുപടി അംഗീകരിക്കുന്നില്ല. പ്രസ്തുത കെട്ടിടങ്ങളുടേതുൾപ്പെടെ, തൻവർഷം പെർമിറ്റ് അനുവദിച്ച് നൽകിയിട്ടുള്ള ഇതര കെട്ടിടങ്ങളിൽ, സമാനമായ അപാകത നിലനിൽക്കുന്ന പക്ഷം ആയത് പുനഃപരിശോധിച്ച്, ബന്ധപ്പെട്ട നിർമ്മിതി പെർമിറ്റ് പരിധിയിൽ കൊണ്ടുവരേണ്ടതും, തുടർ നടപടികൾ പൂർത്തിയാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

1-18-1 കെട്ടിടങ്ങളുടെ പോസ്റ്റ് ഒക്ക്യുപെൻസി ഓഡിറ്റ് നടത്തുന്നില്ല

2019-ലെ കേരള പഞ്ചായത്ത് രാജ് (കെട്ടിട നിർമ്മാണ) ചട്ടങ്ങൾ, ചട്ടം 21 അനുസരിച്ച്, രണ്ടു നില വരെയുള്ള താമസാവശ്യ കെട്ടിടങ്ങൾ, 50 ചതുരശ്ര മീറ്റർ വരെയുള്ള വാണിജ്യ കെട്ടിടങ്ങൾ, മതപരമായ കെട്ടിടങ്ങൾ, ഗ്രൂപ്പ് ജി1, ഗ്രൂപ്പ് ജി 2, ഗ്രൂപ്പ് ഐ എന്നിവയിൽ ഉൾപ്പെട്ട കെട്ടിടങ്ങൾ- ഇവ ഒഴികെയുള്ള എല്ലാ കെട്ടിടങ്ങൾക്കും ഒക്യുപ്പെൻസി സർട്ടിഫിക്കറ്റ് നൽകി 2 വർഷത്തിനുള്ളിൽ സെക്രട്ടറി പോസ്റ്റ് ഒക്യുപ്പെൻസി ഓഡിറ്റ് നടത്തേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഇത്തരം പരിശോധനകൾ

നടത്തുന്നില്ലായെന്ന് സെക്രട്ടറി ഓഡിറ്റ് സമാപനയോഗത്തിൽ അറിയിച്ചിട്ടുണ്ട്. ഒക്യുപ്പെൻസി സാക്ഷ്യപത്രം നൽകിയതിനുശേഷം ചട്ടത്തിൽ പരാമർശിക്കുന്ന പ്രകാരം ക്ഷമതയുള്ള ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ഫീൽഡ്തല തുടർ പരിശോധനകൾ നടത്തുന്നതിന് അടിയന്തിരനടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-19 ജലനിധി സുസ്ഥിരത പദ്ധതി - ബാലൻസ് തുക ക്രമീകരിച്ചില്ല

തിടനാട് ഗ്രാമ പഞ്ചായത്തിലെ ജലനിധി പദ്ധതിയുടെ ഗുണഭോക്തൃ സംഘമായ (ബി.ജി) ഭാവന വലിയപാറ കുടിവെള്ള സമിതിയുടെ ആദ്യത്തെ സ്രോതസ്സിൽ വേണ്ടത്ര ജലലഭ്യത ഇല്ലാതിരുന്നതിനാൽ പുതുതായി ഒരു കിണറിനു കൂടി ഫണ്ട് അനുവദിച്ചിരുന്നു. പുതുതായി കുഴൽക്കിണർ നിർമിച്ചിട്ടും ആവശ്യമായ അളവിൽ വെള്ളം ലഭിക്കാതിരുന്ന സാഹചര്യവും, സർക്കാർ ഉത്തരവിന്റെ കാലാവധി അവസാനിച്ചതും മുൻനിർത്തി സപ്പോർട്ടിംഗ് ഓർഗനൈസേഷൻ ഈ സമിതിയെ ഡ്രോപ്പ് ചെയ്ത് തീരുമാനിച്ചിട്ടുള്ളതാണ്. ആയത് പ്രകാരം ഫണ്ട് തിരികെ ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടുകൊണ്ടുള്ള KRWSA (Kerala Rural Water Supply & Sanitation Agency) ഇടുക്കി പ്രോജക്റ്റ് കമ്മിഷണറുടെ കത്തിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് ഭരണസമിതി അക്കൗണ്ടിൽ ശേഷിച്ച ഫണ്ട് KRWSA-യ്ക്ക് തിരികെ നൽകുന്നതിന് തീരുമാനിച്ചു (ഭരണസമിതിയുടെ 14 (1)/03.11.2023 നമ്പർ തീരുമാനം). തുക തിരികെ ഒടുക്കുന്നതിന് എൽ. എസ്. ജി. ഡി കോട്ടയം ജോയിന്റ് ഡയറക്ടറും 15.07.2023- ലെ കത്ത് പ്രകാരം തിടനാട് ഗ്രാമ പഞ്ചായത്തിന് നിർദ്ദേശം നൽകിയിരുന്നു. തദനുസരണം, ഗ്രാമ പഞ്ചായത്തിന്റെ പേരിൽ SBI തിടനാട് ശാഖയിൽ ആരംഭിച്ചിട്ടുള്ള ജലനിധി സസ്റ്റയിനബിൾ ബാങ്ക് അക്കൗണ്ടിൽ നിന്നും (നം. 40306604974) ചെക്ക് നം. 631630/30.11.2023 പ്രകാരം RPMU- ന്റെ SBI തൊടുപുഴ ശാഖയിലെ അക്കൗണ്ടിലേക്ക് (നം. 39063282358) ₹ 9,15,179/- ക്രെഡിറ്റ് ചെയ്ത് നൽകിയിട്ടുണ്ട്. ഓഡിറ്റ് വർഷത്തെ ബാലൻസ് ഷീറ്റ് (B 17/ 450210101) പ്രകാരം ബന്ധപ്പെട്ട ബാങ്ക് അകൗണ്ടിൽ 24,390/- രൂപ നീക്കിയിരിപ്പുണ്ട്. തുക പൂർണമായും തിരികെ ക്രെഡിറ്റ് ചെയ്യാൻ നിർദ്ദേശം ലഭിച്ച സാഹചര്യത്തിലും ബാങ്ക് അക്കൗണ്ട് തുടരുന്നതിന്റെയും, ബാലൻസ് തുക 24,390/- രൂപ നിലനിർത്തുന്നതിന്റെയും കാരണം വിശദീകരിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (12/30.07.2024) മറുപടി ലഭ്യമായിട്ടില്ല. ബാലൻസ് തുക ക്രമീകരിക്കേണ്ടതും, തുടർ നടപടികൾ പൂർത്തീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

1-20 വാടക വരവുകൾക്ക് ചരക്ക് സേവന നികുതി ഈടാക്കുന്നില്ല

2017-ലെ കേരള ചരക്കു സേവന നികുതി നിയമം, വകുപ്പ് 7-ന്റെ കീഴിലുള്ള പട്ടിക II, ക്രമ നം. 5(a) അനുസരിച്ച്, വാടകയ്ക്ക് നൽകപ്പെടുന്ന സ്ഥാവര ആസ്തികളിൽനിന്നുള്ള ആദായം, ചരക്കു സേവന നികുതിയുടെ പരിധിയിൽ വരുന്നതാണ്. ഓഡിറ്റ് വർഷം, പഞ്ചായത്ത് ഓഡിറ്റോറിയം വാടകയ്ക്ക് നൽകിയ ഇനത്തിൽ 11,000/- രൂപ വരവുണ്ട്. എന്നാൽ, അതിന് 18% ചരക്ക് സേവന നികുതി ബാധകമാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (10/തീ.30.07.2024), സമർപ്പിച്ച മറുപടിയിൽ 28.02.2024 മുതൽ ചരക്കു സേവന നികുതി ഈടാക്കി വരുന്നതായി സെക്രട്ടറി അറിയിച്ചിട്ടുണ്ട്. പ്രസ്തുത മറുപടി അംഗീകരിക്കുന്നു. തുടർ വർഷങ്ങളിൽ നിശ്ചിത നിരക്കിൽ നികുതി ഈടാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-21 ബാങ്ക് അക്കൗണ്ടുകളുടെ പരിപാലനത്തിലെ അപാകതകൾ

1) ഇ - പേയ്മെന്റിനായി ഗ്രാമ പഞ്ചായത്തിന്റെ പേരിൽ SBI തിടനാട് ശാഖയിലുള്ള 36263351431 നം. ബാങ്ക് അക്കൗണ്ടിന്റെ, 2024 മാർച്ച് മാസത്തിലെ റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം 'ചെക്ക് ഡെപ്പോസിറ്റഡ് ബട്ട് നോട്ട് ക്ലിയേർഡ്' എന്ന ഇനത്തിൽ അഞ്ചു വർഷത്തിലധികമായ തുകകൾ അവശേഷിക്കുന്നുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	ചെക്ക് നമ്പർ	തിയതി	വൌച്ചർ നമ്പർ	തിയതി	തുക
1)	594443	31.03.2019	118010500064	31.03.2019	8027
2)	594443	31.03.2019	118010500066	31.03.2019	1176
3)	594443	31.03.2019	118010500065	31.03.2019	8331
4)	594444	31.03.2019	118010500061	31.03.2019	20085
ആകെ					**37,619/-**

ഭാരതീയ റിസർവ് ബാങ്കിന്റെ ഉത്തരവ് പ്രകാരം ചെക്കുകളുടെ നിലവിലെ വിനിമയ കാലാവധി മൂന്ന മാസമാണ്. മേൽപരാമർശിത ചെക്കുകൾ ഇതിനോടകം ഡിസ്സോണർ ആയ സാഹചര്യത്തിൽ, 2011-ലെ കേരളാ പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം-22 പ്രകാരം ഡിമാന്റിൽ കുറവു ചെയ്ത് കക്ഷിയ്ക്കെതിരെ മേൽ നടപടികൾ സ്വീകരിക്കാതെ ബാങ്ക് പൊരുത്തപ്പെടുത്തൽ പത്രികയിൽ സൂചിപ്പിച്ച വരുന്ന നടപടി ക്രമപ്രകാരമുള്ളതല്ല.

2) ഗ്രാമപഞ്ചായത്ത് ഓൺലൈൻ പണമിടപാടുകൾ നടത്തുന്നതിനായി, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ തിടനാട് ശാഖയിൽ ഒരു കറന്റ് അക്കൗണ്ട് (അക്കൗണ്ട് നം. 36263351431) നിലനിർത്തിയിട്ടുണ്ട്. നികുതി, ലൈസൻസ് ഫീസ്, ഇതര റവന്യ വരവ് തുകകൾ, ഐ.സി.ഡി.എസ് കേന്ദ്ര വിഹിതം, ലൈഫ് പദ്ധതി സംസ്ഥാന വിഹിതം എന്നിവ ഓൺലൈനായി ലഭിക്കുന്നത്, പ്രസ്തുത അക്കൗണ്ടിലാണ് നിക്ഷേപിക്കപ്പെടുന്നത്. 31.03.2024 വരെയുള്ള പാസ്സ്ബുക്ക് രേഖപ്പെടുത്തലുകൾ പ്രകാരം, പ്രസ്തുത അക്കൗണ്ടിൽ ₹ 16,47,998/- നീക്കിബാക്കിയുണ്ട്. പലിശ രഹിതവും, ബാങ്ക് ചാർജ് ഈടാക്കപ്പെടുന്നതുമായ പ്രസ്തുത അക്കൗണ്ടിൽ ഗണ്യമായ തുക നിലനിർത്തുന്നതും ക്രമപ്രകാരമുള്ളതല്ല.
പ്രസ്തുത അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.09/തീ.30.07.24) മറുപടി ലഭ്യമായിട്ടുണ്ട്. ക്രമ നം. (1) -ന്, വിശദമായി പരിശോധിച്ച് അപാകത പരിഹരിക്കുന്നതാണെന്ന മറുപടി ലഭ്യമായിട്ടുള്ള സാഹചര്യത്തിൽ, തുടർ നടപടികളുടെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ക്രമ നം. (2)- മായി ബന്ധപ്പെട്ട് ലഭ്യമായ മറുപടിയിൽ, ദിവസേനയുള്ള ഫ്രണ്ട് ഓഫീസ് കളക്ഷൻ തുക തിടനാട് സർവീസ് സഹകരണ ബാങ്കിലാണ് അടവാക്കി വരുന്നതെന്നും, ഗ്രാമ പഞ്ചായത്തുമായി ബന്ധപ്പെട്ടുള്ള വിവിധ ഫണ്ടുകളുടെ RTGS മുഖേനയുള്ള കൈമാറ്റം നിർവ്വഹിക്കുന്നതിലെ സൗകര്യവും അനിവാര്യതയും പരിഗണിച്ചാണ്, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ തിടനാട് ശാഖയിൽ കറന്റ് അക്കൗണ്ട് (അക്കൗണ്ട് നം. 36263351431) നിലനിർത്തിയിട്ടുള്ളതെന്നും വിശദീകരിച്ചിട്ടുണ്ട്. പലിശ രഹിതവും, ബാങ്ക് ചാർജ് ഈടാക്കപ്പെടുന്നതുമായ പ്രസ്തുത അക്കൗണ്ടിൽ ദീർഘകാലം ഗണ്യമായ തുക നിലനിർത്തുന്നത് ക്രമപ്രകാരമല്ല. ആവശ്യാധിഷ്ഠിതമായി മാത്രം താത്കാലികമായി തുകകൾ നിലനിർത്തി വിനിമയം നടത്തുന്നതടക്കം ഈ വിഷയം സംബന്ധിച്ച് ഉചിതമായ നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-22 സിവിൽ മുൻകൂറുകൾ ക്രമീകരിക്കാതെ അവശേഷിക്കുന്നു

തിടനാട് ഗ്രാമപഞ്ചായത്ത് മുൻകൂറായി വിവിധ ഇനങ്ങളിൽ അനുവദിച്ച തുകകൾ നാളിതുവരെ ക്രമീകരിക്കാതെ അവശേഷിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1.കേരളോത്സവം മുൻകൂർ (ഫയൽ നമ്പർ-5264/23)

2023-ലെ കേരളോത്സവം നടത്തിപ്പിനുവേണ്ടി 10.10.2023-ൽ 10000/-രൂപ തനത് ഫണ്ടിൽ നിന്നും മുൻകൂറായി അനുവദിച്ചിട്ടുണ്ട്. കേരള ഫിനാൻഷ്യൽ കോഡ് വോല്യം -1 അനുച്ഛേദനം 99, ധനകാര്യ വകുപ്പിന്റെ 04.10.2011-ലെ ജിഒ(പി) നമ്പർ 419/2011 നമ്പർ ഉത്തരവ് എന്നിവ അനുസരിച്ച് സിവിൽ മുൻകൂറുകളായി നൽകുന്ന തുകകൾ മൂന്ന് മാസത്തിനകം തിരികെ ക്രമീകരിക്കേണ്ടതാണ്. എന്നാൽ കേരളോത്സവ നടത്തിപ്പിനായി ചെലവഴിച്ച പ്രസ്തുത തുകയ്ക്കുള്ള റിക്കുപ്പ്മെന്റ് വൗച്ചറുകൾ ഹാജരാക്കി ക്രമീകരിച്ചിട്ടില്ല. 10000/- രൂപ റിക്കുപ്പ് ചെയ്ത് വിവരം അറിയിക്കേണ്ടതാണ്.

2.ഫെസ്റ്റിവൽ അഡ്വാൻസ്

കേരള ഫിനാൻഷ്യൽ കോഡ് വാല്യം -1 അനുച്ഛേദനം 250(3) അനുസരിച്ച് ഓണം മുൻകൂറായി അനുവദിച്ച തുക അഞ്ചു തുല്യ മാസ ഗഡുക്കളായി തിരികെ ഈടാക്കേണ്ടതാണ്. എന്നാൽ തിടനാട് ഗ്രാമപഞ്ചായത്ത് 2021-22, 2023-24 എന്നീ സാമ്പത്തിക വർഷങ്ങളിൽ ഓണം മുൻകൂർ ഇനത്തിൽ ജീവനക്കാർക്ക് അനുവദിച്ച തുക നാളിതുവരെ പൂർണ്ണമായി തിരികെ ക്രമീകരിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ജീവനക്കാരന്റെ പേര്, തസ്തിക	തുക നൽകിയ വർഷം	കൈപ്പറ്റിയ തുക	തിരികെ ഒടുക്കിയ ക്കിയ തുക	ക്രമീകരിക്കാൻ ശേഷിക്കുന്ന തുക
രാജേഷ് കുമാർ.ആർ സെക്രട്ടറി	2021-22	15000	12000	3000
ഇസ്സക്കി മുത്തു ഓഫീസ് അറ്റന്റന്റ്	2021-22	15000	12000	3000
ജോജോ സെബാസ്റ്റ്യൻ ഹെഡ് അക്കൗണ്ടന്റ്	2023-24	20000	16000	4000
ആകെ				**10000/-**

മേൽ പരാമർശിച്ചിട്ടുള്ള ജീവനക്കാർക്ക് അനുവദിച്ച മുൻകൂറുകൾ പലിശ സഹിതം അടിയന്തിരമായി ക്രമീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-23 മഴക്കാല പൂർവ്വ ശുചീകരണ പദ്ധതിയുടെ ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല

മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കായി ശുചിത്വമിഷൻ ഗ്രാന്റ്, തനത് ഫണ്ട് എന്നിവയിൽ നിന്നും 140000/- രൂപ വീതം ആകെ 280,000/- രൂപ പി.എച്ച്.സി മെഡിക്കൽ ഓഫീസർക്ക് നൽകിയിട്ടുണ്ട് (വൗച്ചർ നമ്പർ 22300023, 22300024/13.04.23). എന്നാൽ ഇതുമായി ബന്ധപ്പെട്ട ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. അവ ഹാജരാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നുവെങ്കിലും (നം.6/തീ. 29.07.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ മഴക്കാലപൂർവ്വ ശുചീകരണത്തിനായി ചെലവഴിച്ച 280000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-24 കാലഹരണപ്പെട്ട നിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല

കേരള ഫിനാൻഷ്യൽ കോഡ് വാല്യം I , അനുച്ഛേദം 282 അനുസരിച്ച് , 3 വർഷത്തിലധികമായി അവകാശമുന്നയിക്കപ്പെടാതെ ശേഷിക്കുന്ന സിവിൽ നിക്ഷേപങ്ങൾ കാലഹരണപ്പെടുന്നതാണ്. പ്രസ്തുത കാലപരിധി കഴിഞ്ഞ പല നിക്ഷേപങ്ങളും ഗ്രാമപഞ്ചായത്ത് ഋണബാധ്യതാക്കണക്കുകളിൽ നിലനിർത്തിയിട്ടുള്ളതായി കാണുന്നു. കരാറുകാർ, വിതരണക്കാർ എന്നിവരിൽനിന്ന് സ്വീകരിച്ച നിരതദ്രവ്യം, ഇവരുടെ സെക്യൂരിറ്റി നിക്ഷേപം, ലേല നിക്ഷേപം തുടങ്ങിയ ഇനങ്ങളിലായി 2016-17 മുതലുള്ള തുകകളാണ് ഇത്തരത്തിൽ ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിരിക്കുന്നത്.

ഇനം	തുക	അഭിപ്രായക്കുറിപ്പുകൾ
ലേലക്കാരുടെ നിരതദ്രവ്യം	37000	31.03.2021-വരെ നിക്ഷേപിച്ച തുക
ലേലക്കാരുടെ	7750	

സെക്യൂരിറ്റി നിക്ഷേപം		
വിതരണക്കാരുടെ നിരതദ്രവ്യം	90955	
വിതരണക്കാരുടെ സെക്യൂരിറ്റി നിക്ഷേപം	77207	
ആകെ	**212912**	

2021 മാർച്ച് 31-ന മുൻപ് നിക്ഷേപിക്കപ്പെട്ടതും കണക്കുകളിൽ നിലനിർത്തിയിട്ടുള്ളതുമായ തുകകൾ ഇതിനോടകം കാലഹരണപ്പെട്ടിട്ടുള്ളതിനാൽ അവ പഞ്ചായത്തു ഫണ്ടിലേക്ക് മുതൽക്കൂട്ടി കണക്കുകൾ യഥാവിധി ക്രമീകരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. തദനുസരണം രജിസ്റ്ററിലും ആവശ്യമായ മാറ്റങ്ങൾ വരുത്തേണ്ടതാണ്.

1-25 ബാല സഭ- സർക്കാർ പരിധി അധികരിച്ച് തുക ചെലവഴിച്ചു

പ്രോജക്ട് നം., പേര്	211/24- ബാല സഭ (സ്പിൽ ഓവർ)
അടങ്കൽ തുക	30000/- (തനത് ഫണ്ട്)
ചെലവ് തുക	25264/- രൂപ (തനത് ഫണ്ട്)
നിർവ്വഹണോദ്യോഗസ്ഥൻ	അസി. സെക്രട്ടറി
വൗച്ചർ വിശദാംശങ്ങൾ	വൗച്ചർ നം 22300234 തീയതി 30.06.24- 20704/- രൂപ വൗച്ചർ നം 22300235 തീയതി 30.06.24- 4560/- രൂപ

തിടനാട് പഞ്ചായത്തിൽ 18.04.2023, 19.04.2023, 30.05.2023 എന്നീ തീയതികളിൽ ചേർന്ന ബാലസഭയുടെ പ്രവർത്തനങ്ങൾക്കായി മേൽപരാമർശിച്ച പ്രകാരം 25264/- രൂപ വിനിയോഗിച്ചിട്ടുണ്ട്. ഭക്ഷണം, സ്റ്റേഷണറി വാങ്ങൽ, ക്ലാസ് നയിച്ചവർക്കുള്ള ഓണറേറിയം എന്നീ ഇനങ്ങളിലാണ് തുക ചെലവഴിച്ചിട്ടുള്ളത്. എന്നാൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ 28.05.2022-ലെ ജി.ഒ (എം.എസ്.) 115/2022/LSGD നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗരേഖയുടെ ഖണ്ഡിക 7.7.10 (1) അനുസരിച്ച് ഗ്രാമപഞ്ചായത്തുകൾക്ക് ബാലസഭ പ്രവർത്തനങ്ങൾക്ക് ഒരു വാർഡിൽ പരമാവധി ചെലവഴിക്കാവുന്നത് 1000/- രൂപയാണ്. ആകയാൽ 14 വാർഡുകളുള്ള തിടനാട് ഗ്രാമ പഞ്ചായത്തിൽ ആകെ ചെലവഴിക്കാവുന്നത് 14000/- രൂപയായിരുന്നെങ്കിലും 25264/- രൂപയാണ് പദ്ധതിയ്ക്കായി ചെലവഴിച്ചിട്ടുള്ളത്. ബാലസഭാ പ്രവർത്തനങ്ങൾക്ക് 11264/- രൂപ (25264-14000) അധികം ചെലവഴിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.23/തീ.30.07.24) മറുപടി ലഭ്യമാക്കിയിട്ടില്ല. ആകയാൽ അധികമായി ചെലവഴിച്ച 11264/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വസ്തുനിഷ്ഠമായ മറുപടി ലഭ്യമാക്കാത്തപക്ഷം തുക നിരാകരിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്.

1-26 പോത്ത് കുട്ടി വിതരണം- ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത വ്യക്തികൾക്ക് ആനുകൂല്യം അനുവദിച്ചു

പ്രോജക്ട് നം., പേര്	59/24 പോത്തുകുട്ടി വിതരണം
അടങ്കൽ തുക	224000 [വികസന ഫണ്ട് – 112000/-, ഗുണ വിഹിതം – 112000/-]
ചെലവ്	₹224000- 112000 (വികസന ഫണ്ട് പൊതു വിഭാഗം)+ 112000 (ഗുണഭോക്തൃവിഹിതം)
നിർവ്വഹണോദ്യോഗസ്ഥൻ	വെറ്ററിനറി സർജൻ
ബിൽ വിശദാംശങ്ങൾ	ബിൽ നം 31/23-24 തീയതി 26.03.24 തുക 56000/- രൂപ ചെക്ക് നമ്പർ 281180 തീയതി- 26.03.24, തുക 56000/- രൂപ (ഗുണഭോക്തൃ വിഹിതം)

പ്രസ്തുത പദ്ധതി പ്രകാരം 14 വ്യക്തികൾക്ക് 16000/- രൂപ നിരക്കിൽ പോത്തു കുട്ടികളെ വാങ്ങി നൽകിയിട്ടുണ്ട്. എന്നാൽ പദ്ധതിയുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ പ്രസ്തുത ഗുണഭോക്താക്കളിൽ താഴെ പറയുന്ന 7 വ്യക്തികൾ ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലയെന്ന് കാണുന്നു.

ക്രമ നം.	ഗുണഭോക്താവിന്റെ പേര്	വാർഡ്
1	ശ്രീ. സിറിയക് തോമസ്	14
2	ശ്രീമതി ബോസി പൊന്നപ്പൻ	14
3	ശ്രീ. തോമസ് മാത്യൂ	6
4	ശ്രീ. ഗിൽസ് ജി	11
5	ശ്രീ. ജോർജ്ജ് സി എ	3
6	ശ്രീ. ജറിൻ ജോൺ	6
7	ശ്രീ. പ്രബിൻ ബാബു	14

ഇപ്രകാരം ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത വ്യക്തികളെ പദ്ധതിയുടെ ഭാഗമാക്കി ആനുകൂല്യം നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.22/തീ.30.07.24) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ടി ഗുണഭോക്താക്കൾക്കായി ചെലവഴിച്ച 112000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. തുടർന്നുള്ള ഗ്രാമസഭയിൽ വിഷയം അജണ്ടയായി ഉൾപ്പെടുത്തി ഗുണഭോക്തൃ തെരഞ്ഞെടുപ്പ് സാധൂകരിച്ച് ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

1-27 വീട് വാസയോഗ്യമാക്കൽ- ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത വ്യക്തിക്ക് ധനസഹായം നൽകി

പ്രോജക്ട് നം., പേര്	17/24 വീട് വാസയോഗ്യമാക്കൽ (ജനറൽ)
ചെലവ് തുക	2467151/- രൂപ (വികസന ഫണ്ട്- പൊതു വിഭാഗം)
നിർവ്വഹണോദ്യോഗസ്ഥൻ	വി.ഇ.ഓ

പ്രസ്തുത പ്രോജക്ട് പ്രകാരം 62 ഗുണഭോക്താക്കൾക്ക് ഭവന പുനരുദ്ധാരണത്തിനായി ധനസഹായം നൽകിയിട്ടുണ്ട്. ഇതിൽ 40000/- രൂപ കൈപ്പറ്റിയ ത്രേസ്യ കൊട്ടാരം കുന്നേൽ എന്ന വ്യക്തി (വാർഡ്-3) ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടതായി കാണുന്നില്ല (ബിൽ നം 50/24.3.24, ആകെത്തുക 480000/- രൂപ). ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത വ്യക്തിക്ക് ധന സഹായം നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.24/തീ.30.07.24) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ 40000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. തുടർന്നുള്ള ഗ്രാമസഭയിൽ വിഷയം അജണ്ടയായി ഉൾപ്പെടുത്തി ഗുണഭോക്തൃ തെരഞ്ഞെടുപ്പ് സാധൂകരിച്ച് ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

1-28 ലൈഫ് ഭവന പദ്ധതി- അവലോകനം

തിടനാട് ഗ്രാമപഞ്ചായത്തിലെ ലൈഫ് പദ്ധതിയുമായി ബന്ധപ്പെട്ട് 2023-24 സാമ്പത്തിക വർഷം നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	പ്രോജക്ട് വിശദാംശങ്ങൾ	ചെലവ് (രൂപ)
1	പ്രോജക്ട് നം 161/23-24 ലൈഫ് ഭവന പദ്ധതി (ടി.എസ്.പി)	46038/- (ടി.എസ്.പി)- സ്പിൽ ഓവർ
2	പ്രോജക്ട് നം 37/23-24 ലൈഫ് ഭവന പദ്ധതി (പട്ടിക ജാതി)-	2881320/- രൂപ(11,11,320/- എസ്.സി.പി + 6,00,000/- സംസ്ഥാനാവിഷ്കൃത ഫണ്ട് + 7,00,000/- മറ്റുള്ളവ + 4,70,000/- ജില്ലാ പഞ്ചായത്ത് വിഹിതം)
3	പ്രോജക്ട് നം 156/23-24 ലൈഫ് ഭവന പദ്ധതി (പൊതു വിഭാഗം)-	416830/- രൂപ (1,56,830/- വികസന ഫണ്ട് ജനറൽ + 26,00,00/- മറ്റുള്ളവ)
4	പ്രോജക്ട് നം 38/23-24 ലൈഫ് ഭവന പദ്ധതി (പട്ടിക വർഗ്ഗം)-	1,43,578/- രൂപ (83,578/- ടി.എസ്.പി + 60,000/- സംസ്ഥാനാവിഷ്കൃത ഫണ്ട്)
5	പ്രോജക്ട് നം 159/23-24 ലൈഫ്	748680/- രൂപ (2,78,680/- എസ്.സി.പി + 1,00,000/-

	ഭവന പദ്ധതി (പട്ടിക ജാതി)-	മറ്റുള്ളവ + 3,70,000/- ജില്ലാ പഞ്ചായത്ത്)
6	പ്രോജക്ട് നം 31/23-24 ലൈഫ് ഭവന പദ്ധതി (പൊതു വിഭാഗം)-	9236020/- 4376020 (പൊതു വിഭാഗം) + 1800000/- (സംസ്ഥാനാവിഷ്കൃത ഫണ്ട്)+ 800000/- (ബ്ലോക്ക് പഞ്ചായത്ത്) + 2260000/- (മറ്റുള്ളവ)

തൻവർഷം പ്രസ്തുത പദ്ധതികൾ പ്രകാരം 54 ഗുണഭോക്താക്കൾക്ക് (10 എസ്.സി + 42 ജനറൽ + 2 എസ്.ടി) ഭവന നിർമ്മാണത്തിന് ധന സഹായം നൽകിയതിൽ 32 ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതികൾ പ്രകാരം ധന സഹായം കൈപ്പറ്റിയ എല്ലാ ഗുണഭോക്താക്കളുടെയും ഭവന നിർമ്മാണം പൂർത്തിയാക്കി വിവരമറിയിക്കേണ്ടതാണ്.

ലൈഫ് ഭവനപദ്ധതി ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിക്കാൻ അവശേഷിക്കുന്നു.

ലൈഫ് ഭവന പദ്ധതി പ്രകാരം മുൻ വർഷങ്ങളിൽ ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കളിൽ നാളിതുവരെ ഭവന നിർമ്മാണം പൂർത്തിയാക്കാത്തവരുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഗുണഭോക്താവിന്റെ പേര്	നൽകിയ തുക
ശ്രീമതി തങ്കമ്മ കരുണാകരൻ	₹40000(23.07.18), ₹ 160000(07.01.19), ₹60000(28.03.19), ₹ 100000(24.06.19) – ആകെ 360000/- രൂപ
ശ്രീ. ലൂക്കോസ് എം.സി	₹40000(05.09.18) ,₹160000(07.01.19) – ആകെ 200000/- രൂപ
ശ്രീമതി ജാൻസി ടോമി	₹40000(26.09.22) , ₹160000 (03.02.23) .- ആകെ 200000/- രൂപ
ശ്രീമതി രാധ ശശി	₹40000(08.01.21) ,₹83000(17.12.21), ₹77000(04.03.22), ₹100000 (27.08.22) ആകെ 300000/- രൂപ

പ്രസ്തുത വ്യക്തികളുടെ ഭവന നിർമാണം നിലച്ച സാഹചര്യം ഭരണസമിതി തലത്തിൽ വിലയിരുത്തേണ്ടതാണ്. കൈപ്പറ്റിയ ധനസഹായം ദുരുപയോഗം ചെയ്തിട്ടുള്ളപക്ഷം നിയമാനുസൃത പലിശസഹിതം ഈടാക്കാനും, പരിഗണന അർഹിക്കുന്ന സാഹചര്യമെന്ന് ബോധ്യപ്പെടുന്ന പക്ഷം ഉചിത നടപടികളിലൂടെ ഭവന നിർമ്മാണം പൂർത്തീകരിക്കാൻ സഹായം നൽകുന്നതിനും ശ്രമിക്കേണ്ടതാണ്.

1-29 എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്- ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത വിദ്യാർത്ഥികൾക്ക് നൽകി

പ്രോജക്റ്റ് നം., പേര്	7/23-24 എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ്
ചെലവ് തുക	341096/- രൂപ (എസ്.സി.പി)
നിർവ്വഹണോദ്യോഗസ്ഥൻ	അസി. സെക്രട്ടറി
ബിൽ വിശദാംശങ്ങൾ	14/23-24, തീയതി- 27.03.24 ,341096/-രൂപ

എസ്.സി വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യുന്നതിനായി GEM മുഖേന, സ്റ്റാർട്ട് ഹാപ്പിനെസ് കമ്പ്യൂട്ടർ (അക്കൗണ്ട് നം - 50200081832120) എന്ന സ്ഥാപനത്തിൽ നിന്ന് ലാപ്പ്ടോപ്പ് ഒന്നിന് 34109/- രൂപ നിരക്കിൽ 10 ലാപ്പ്ടോപ്പുകൾ വാങ്ങിയിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ പ്രസ്തുത ലാപ്പ്ടോപ്പുകൾ കൈപ്പറ്റിയ 10 വിദ്യാർത്ഥികളിൽ കുമാരി അമല മനോജ് (വാർഡ്- 14), കുമാരി ശീതൾ ശശിധരൻ (വാർഡ്- 12) എന്നീ വിദ്യാർത്ഥിനികൾ ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവരല്ലായെന്ന് ബോധ്യപ്പെട്ടു. ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ലാപ്പ്ടോപ്പ് നൽകിയ നടപടിക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.21/തീ.30.07.24) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ 2 ലാപ്പ്ടോപ്പുകളുടെ വിലയായ 68218/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. തുടർന്നുള്ള ഗ്രാമസഭയിൽ വിഷയം അജണ്ടയായി ഉൾപ്പെടുത്തി ഗുണഭോക്തൃ തെരഞ്ഞെടുപ്പ് സാധൂകരിച്ച് ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്. ഈ വിഷയത്തിലെ തുടർ നടപടികൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-30 എസ്.ടി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്- പ്രോജക്റ്റ് നടത്തിപ്പിലെ അപാകതകൾ

പ്രോജക്റ്റ് നം., പേര്	10/23-24 എസ്.ടി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്
അടങ്കൽ തുക	65000/-
ചെലവ് തുക	65000/- രൂപ. 63445/- രൂപ (ടി.സ്.പി)+ 1555/- രൂപ (തനത് ഫണ്ട്)
നിർവ്വഹണോദ്യോഗസ്ഥൻ	അസി. സെക്രട്ടറി

എസ്.ടി വിഭാഗത്തിൽ ഉൾപ്പെട്ട വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനായി ആവിഷ്കരിച്ച പ്രസ്തുത പ്രോജക്റ്റിന്റെ ഫയൽ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത വിദ്യാർത്ഥിനിക്ക് സ്കോളർഷിപ്പ് നൽകി

പ്രസ്തുത പദ്ധതി പ്രകാരം സ്കോളർഷിപ്പ് കൈപ്പററിയ 3 വിദ്യാർത്ഥികളിൽ കുമാരി ആതിര ശശി ഇടപ്പള്ളിയിൽ എന്ന വിദ്യാർത്ഥിനി (സ്കോളർഷിപ്പ് തുക - 20000/- രൂപ [ബിൽ നം 9/23-24, തീയതി-

20.03.24 , 2728/- രൂപ, ബിൽ നം 11/23-24, തീയതി- 27.03.24 , 15717/- രൂപ, വൗച്ചർ നം 22301250 തീയതി 26.03.24, 1555/- രൂപ] ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലായെന്ന് വ്യക്തമായി. ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത വിദ്യാർത്ഥിനിക്ക് ധനസഹായം നൽകിയത് ക്രമപ്രകാരമല്ല.

2. ഗുണഭോക്തൃ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 28.05.2022-ലെ ജി.ഒ(എം.എസ്.)115/2022/LSGD നമ്പർ ഉത്തരവു പ്രകാരം പുറപ്പെടുവിച്ച പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗരേഖയുടെ ഖണ്ഡിക 7.2.4 (II) അനുസരിച്ച് ധനസഹായം കൈപ്പറ്റുന്ന വിദ്യാർത്ഥികളുടെയും കോഴ്സുകളുടെയും വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. എന്നാൽ നിർവഹണ ഉദ്യോഗസ്ഥൻ ഇപ്രകാരം രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

പരാമർശിത അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.20/തീ.30.07.24) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഈയിനത്തിലെ 20000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. തുടർന്നുള്ള ഗ്രാമസഭയിൽ വിഷയം അജണ്ടയായി ഉൾപ്പെടുത്തി ഗുണഭോക്തൃ തെരഞ്ഞെടുപ്പ് സാധൂകരിച്ച് ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്. ഈ വിഷയത്തിലെ തുടർ നടപടികൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-31 മെൻസ്ട്രൽ കപ്പ് വിതരണം - പദ്ധതി പൂർത്തീകരിച്ചില്ല

തൻവർഷം ഗ്രാമപഞ്ചായത്തിന്റെ വിവിധ വാർഡുകളിലെ വനിതകൾക്ക് മെൻസ്ട്രൽ കപ്പ് വിതരണം ചെയ്യുന്നതിനായി പി.എച്ച്.സി മെഡിക്കൽ ഓഫീസർ മുഖേന ഒരു പ്രോജക്ട് വാർഷിക പദ്ധതിയുടെ ഭാഗമായി നടപ്പാക്കിയിരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ട് നം. / പേര്	267/2024 : മെൻസ്ട്രൽ കപ്പ് വിതരണം
ഫണ്ട് അടങ്കൽ / ചെലവ്	വികസന ഫണ്ട് (ജനറൽ) 3,00,000/-
ബിൽ നം. / തീയതി	15/23-24/21.12.24 (9,99,00/-) 16/23-24/05.01.24 (9,99,00/-) 19/23-24/20.01.24 (50,400/-) 20/23-24/20.01.24 (49,800/-)
നിർവ്വഹണ ഉദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ (PHC), തിടനാട്

പ്രസ്തുത പ്രോജക്ട് പ്രകാരം നിർവഹണ ഉദ്യോഗസ്ഥൻ 1000 മെൻസ്ട്രൽ കപ്പുകൾ ₹300/- നിരക്കിൽ വാങ്ങിയിരുന്നു. എന്നാൽ അവയുടെ പൂർണമായ വിതരണ രേഖകൾ സൂക്ഷിച്ചിട്ടില്ല. വാങ്ങിയ മെൻസ്ട്രൽ കപ്പുകളുടെ വിതരണം, നീക്കി ബാക്കി, സേഫ് കസ്റ്റഡി വിവരങ്ങൾ, ഗുണഭോക്തൃ പട്ടിക എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.26/തീ.30.07.2024), രേഖാമൂലം മറുപടി ലഭ്യമാക്കിയില്ല. അഞ്ഞൂറെണ്ണം വിതരണം ചെയ്തതായും ശേഷിക്കുന്നവ ഗുണഭോക്താക്കളുടെ വിമുഖത മൂലം വിതരണം ചെയ്യാൻ കഴിഞ്ഞില്ലായെന്നും ആയതിനാൽ വിവിധ ആരോഗ്യ പ്രവർത്തകരുടെ കൈവശം സൂക്ഷിച്ചിരിക്കുകയാണെന്നും ഓഡിറ്റ് സമാപനയോഗത്തിൽ മെഡിക്കൽ ഓഫീസറെ പ്രതിനിധീകരിച്ച ഉദ്യോഗസ്ഥൻ അറിയിച്ചു. നൂതനമായ പ്രോജക്ട് എന്ന നിലയിൽ വേണ്ടത്ര ബോധവത്ക്കരണ പരിപാടികൾക്കു ശേഷം മെൻസ്ട്രൽ കപ്പ് ലഭിക്കുവാൻ ആഗ്രഹിക്കുന്ന വനിതകളുടെ യഥാർത്ഥ എണ്ണം തിട്ടപ്പെടുത്തി വാങ്ങൽ നടത്തേണ്ടതിനു പകരം പ്രോജക്ടിനു വകയിരുത്തിയ തുക പൂർണമായും ചെലവഴിച്ച് കപ്പുകൾ വാങ്ങിയതിലൂടെ സാമ്പത്തിക അച്ചടക്കം പാലിച്ചില്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. വാങ്ങിയ സാധനങ്ങൾ കൃത്യമായി

സ്റ്റോക്കിലെടുത്ത് വിതരണം നിരീക്ഷിക്കുന്നതിനു പകരം അവ സൂക്ഷിക്കുവാൻ ആരോഗ്യപ്രവർത്തകരെ ഏൽപ്പിച്ച നടപടിയും ക്രമപ്രകാരമുള്ളതല്ല. ആവശ്യാധിഷ്ഠിതമല്ലാത്ത വാങ്ങലിനായി നടത്തിയ 3,00,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പദ്ധതിയുടെ പരാജയ കാരണങ്ങൾ ഭരണസമിതി തലത്തിൽ വിലയിരുത്തി പരിഹാരം കണ്ടെത്തി വിവരം അറിയിക്കേണ്ടതാണ്.

1-32 തിടനാട് ആയുഷ് ഹോമിയോ ഡിസ്പൻസറിയിലേയ്ക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ പൂർണമായി ലഭ്യമായില്ല

തിടനാട് ആയുഷ് ഹോമിയോ ഡിസ്പൻസറിയ്ക്ക് മരുന്ന് വാങ്ങുന്നതിനായി PHC മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോജക്ട് പ്രകാരം (എസ്124/ 2024), 3,00,000/- രൂപ മെയിന്റനൻസ് (റോഡിതരം) ഫണ്ടിൽനിന്ന് 102/05.10.2023 നം. ബിൽ പ്രകാരം HOMCO-യുടെ 34306403911 (SBI) നം. ബാങ്ക് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത് നൽകിയിരുന്നുവെങ്കിലും, മുഴുവൻ തുകയ്ക്കുള്ള മരുന്നുകൾ ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

കൈമാറിയ തുക	ലഭിച്ച മരുന്നുകളുടെ വിവരം (തുക) ഇൻവോയ്സ് നം./ തീയതി/ തുക	ലഭിക്കാൻ ശേഷിക്കുന്ന മരുന്നുകളുടെ വിവരം (തുക)
3,00,000/-	LF-2892/09.02.2024 ₹87,578/-	₹2,12,422/-

മുഴവൻ തുകക്കുമുള്ള മരുന്നുകൾ വാങ്ങി സ്റ്റോക്കിലെടുത്ത്, ബന്ധപ്പെട്ട ഇൻവോയ്സുകൾ സഹിതം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1-33 ഗുണഭോക്താക്കളുടെ തിരഞ്ഞെടുപ്പിന് ഗ്രാമസഭയുടെ അംഗീകാരം നേടിയില്ല

ഐസി.ഡി.എസ് സൂപ്പർവൈസർ നടപ്പാക്കിയ വയോജനങ്ങൾക്ക് മെഡിക്കൽ ക്യാമ്പ്-ഉപകരണങ്ങൾ നൽകൽ, ഭിന്നശേഷിക്കാർക്ക് മെഡിക്കൽ ക്യാമ്പ്-ഉപകരണങ്ങൾ നൽകൽ എന്നീ രണ്ടു പ്രോജക്ടുകൾക്കും ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് ഉണ്ടായിരുന്നില്ല. മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ച് അതിൽ നിന്നും അർഹരായവരെ കണ്ടെത്തിയായിരുന്നു ഗുണഭോക്താക്കളെ നിശ്ചയിച്ചത്. എന്നാൽ ടി ഗുണഭോക്താക്കളുടെ ലിസ്റ്റ് ഗ്രാമസഭയിൽ അവതരിപ്പിച്ച് ആയതിന് അംഗീകാരം നേടിയിട്ടില്ല. ജനകീയാസൂത്രണ പദ്ധതിയുടെ അടിസ്ഥാന തത്വം അനുസരിച്ച് വാർഷിക പദ്ധതികളിൽ ഉൾപ്പെടുന്ന എല്ലാ പ്രോജക്ടുകളുടെയും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള പൂർണമായ അധികാരം ഗ്രാമസഭയ്ക്കാണ്. പ്രസ്തുത പദ്ധതികളുടെ ആനുകൂല്യം ലഭിച്ചിട്ടുള്ള ഗുണഭോക്താക്കൾക്കളുടെ അർഹത, ഫയൽ പരിശോധനയിൽ ബോധ്യമായിട്ടുണ്ട്. അവരുടെ പട്ടിക തുടർന്നുള്ള ഗ്രാമസഭയിൽ അവതരിപ്പിച്ച് അംഗീകാരം നേടേണ്ടതും ഭാവിയിൽ പ്രസ്തുത നടപടിക്രമം പാലിക്കുന്നുവെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

1-34 പഞ്ചായത്ത് ഓഫീസിൽ സി.സി ടിവി സ്ഥാപിക്കൽ- പദ്ധതി പൂർത്തീകരിച്ചിട്ടില്ല.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ഗ്രാമപഞ്ചായത്ത് ഓഫീസിലേയ്ക്ക് സി.സി.ടി.വി സ്ഥാപിക്കൽ എന്ന പദ്ധതിക്കായി തനത് ഫണ്ടിൽ നിന്നും 325000/- രൂപ ചെലവഴിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ട് നമ്പർ	എസ്151/24
അടങ്കൽ	330000 (തനത് ഫണ്ട്)

ചെലവ്	325000 (ബിൽ നമ്പർ-31/23-24/19.06.23 844-00-108-pwd Deposit എന്ന ഹെഡിൽ ചെലാൻ പ്രകാരമാണ് തുക അടവാക്കിയിട്ടുള്ളത്.

ഗ്രാമപഞ്ചായത്ത് കാര്യാലയത്തിൽ സി.സി.ടിവി സ്ഥാപിക്കുന്നതിന് 325000/- രൂപ പൊതുമരാമത്ത് വകുപ്പ് ഇലക്ട്രോണിക്സ് വിഭാഗം തൃശ്ശൂർ അസി. എക്സി. എൻജിനിയർക്ക് കൈമാറിയിട്ടുള്ളതാണ്. 24.08.23-ലെ KL016723579202324M നമ്പർ ചെലാൻ പ്രകാരമാണ് തുക അടവാക്കിയത്. എന്നാൽ നാളിതുവരെ സി.സി.ടി.വി സ്ഥാപിച്ചിട്ടില്ല. പ്രോജക്റ്റ് നിർവഹണ പുരോഗതി വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 6/തീ.27.0724) സെക്രട്ടറി ഹാജരാക്കിയ മറുപടിയിൽ, പദ്ധതി പൂർത്തിയാക്കുന്ന മുറയ്ക്ക് ധനവിനിയോഗ സാക്ഷ്യപത്രം സമർപ്പിക്കുന്നതാണെന്ന വിശദീകരണമാണ് നൽകിയിട്ടുള്ളത്. സി.സി.ടിവി സ്ഥാപിക്കൽ താമസംവിനാ പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം സഹിതം വിവരം അറിയിക്കേണ്ടതാണ്.

1-35 സംയുക്ത പ്രോജക്റ്റ്-ചെലവ് രേഖകൾ ഹാജരാക്കിട്ടില്ല.

ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്തിന്റെ സഹകരണത്തോടെ സോളാർ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനായി ഗ്രാമപഞ്ചായത്ത് തൻവർഷം ഒരു പ്രോജക്റ്റ് ആവിഷ്കരിച്ചിരുന്നു (നം. 225/2024). ഇതിനുള്ള ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി 280000/- രൂപ ആണ് വകയിരുത്തിയിരുന്നത്. സുലേഖ സോഫ്റ്റ്‌വെയറിൽ ക്രോഡീകരിച്ച പദ്ധതി ചെലവു കണക്കുകൾ പ്രകാരം പ്രസ്തുത പ്രോജക്റ്റിനായി വകയിരുത്തിയ ബ്ലോക്ക് വിഹിതത്തിൽനിന്ന് 80000/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ പദ്ധതിയുടെ ചെലവ് വിവരങ്ങൾ ഒന്നും തന്നെ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. അവ ഹാജരാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.8/തീ.29.07.2024) നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ടി സാഹചര്യത്തിൽ പ്രസ്തുത പ്രോജക്റ്റിനായി ചെലവഴിച്ച 80000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

1-36 മുൻവർഷങ്ങളിലെ നിക്ഷേപ പ്രവൃത്തികളുടെ പൂർത്തീകരണ വിവരങ്ങൾ ലഭ്യമല്ല

നിർവഹണ ഏജൻസികൾക്ക് നിക്ഷേപ പ്രവൃത്തികൾക്കായി വർഷങ്ങൾക്കു മുൻപ് കൈമാറിയ ഭീമമായ തുകകൾ ഇനിയും ക്രമീകരിക്കാൻ ശേഷിക്കുന്നതായി തൻവർഷ ധനകാര്യ പത്രികയുടെ പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. (ബി-18 പട്ടിക കാണുക). കേരള സംസ്ഥാന വൈദ്യുതി ബോർഡ്, ഭൂജലവകുപ്പ് എന്നീ നിർവഹണ ഏജൻസികൾക്ക് കൈമാറിയ തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

നിർവഹണ ഏജൻസി	തുക കൈമാറിയ സാമ്പത്തിക വർഷം	നിക്ഷേപിച്ച തുക	അഭിപ്രായക്കുറിപ്പുകൾ
കെ.എസ്.ഇ.ബി, ഇലക്ട്രിക്കൽ സെക്ഷൻ പിണ്ണാക്കനാട്	2017-18	2746407	S016/2018 വിവിധ വാർഡുകളിലെ വൈദ്യുത ലൈൻ ദീർഘിപ്പിക്കൽ
	2018-19	2616375	S006/19, S139/19 വിവിധ

			വാർഡുകളിലെ വൈദ്യുത ലൈൻ ദീർഘിപ്പിക്കൽ S011/19 SC സങ്കേതങ്ങളിൽ തെരുവ് വിളക്ക് സ്ഥാപിക്കൽ
	2019-20	321657	S182/20 വിവിധ വാർഡുകളിലെ വൈദ്യുത ലൈൻ ദീർഘിപ്പിക്കൽ
	2021-22	428902	S164 & 165/22 6, 14 വാർഡുകളിലെ വൈദ്യുത ലൈൻ ദീർഘിപ്പിക്കൽ
	ആകെ	**6113341/-**	
ഭൂജലവകുപ്പ് ജില്ലാ കാര്യാലയം കോട്ടയം	2018-19	46657	ആവശ്യം വ്യക്തമല്ല
	2019-20	100000	ആവശ്യം വ്യക്തമല്ല
	2020-21	450000	ആവശ്യം വ്യക്തമല്ല
ആകെ		**596657/-**	

2023-24-ൽ പ്രോജക്ട് നമ്പർ S265/24 പ്രകാരം MCF- ൽ കുഴൽക്കിണർ, മോട്ടോർ സ്ഥാപിക്കൽ എന്നിവയ്ക്കു വേണ്ടി നടത്തിയ ₹200000 -യുടെ നിക്ഷേപം സംബന്ധിച്ച പരാമർശം അന്യത്ര ചേർത്തിട്ടുള്ളതു കൂടി കാണുക. പ്രസ്തുത തുകകൾ നിക്ഷേപിച്ചതിന് ആധാരമായ പ്രോജക്ടുകളുടെ പൂർത്തീകരണ വിശദാംശങ്ങൾ, തുക വിനിയോഗ സാക്ഷ്യപത്രങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം. 2/തീയതി 25.07.2024) നൽകിയിരുന്നു. പ്രസ്തുത പ്രവൃത്തികൾ എല്ലാംതന്നെ പൂർത്തീകരിച്ചതാണെന്നും വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുള്ളതാണെന്നും സെക്രട്ടറി സമർപ്പിച്ച മറുപടിയിൽ വിശദീകരിച്ചിട്ടുണ്ട്. അവ ലഭ്യമാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1-37 തൻവർഷ നിക്ഷേപ പ്രവൃത്തികളുടെ പൂർത്തീകരണം- വിനിയോഗസാക്ഷ്യപത്രങ്ങൾ ലഭ്യമാക്കിയിട്ടില്ല.

തിടനാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി തൻവർഷം നിർവ്വഹണം നടത്തിയ വിവിധ ഡെപ്പോസിറ്റ് പ്രവൃത്തികൾ പൂർത്തീകരിച്ചതായി കാണുന്നില്ല . വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ട് നമ്പർ	നിർവ്വഹണ ഏജൻസി	അടങ്കൽ	ചെലവഴിച്ച തുക	അപാകത
എസ്95/24 7,10,12 വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ	കെ.എസ്.ഇ.ബി	50000	50000	പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല.

എസ്118/24 കൊണ്ടൂർ അംഗനവാടി കുഴൽ കിണർ നിർമ്മാണം	ഭൂജലവകുപ്പ് ജില്ലാ കാര്യാലയം കോട്ടയം	100000	56775	തുക കൈമാറിയതല്ലാതെ പ്രവൃത്തി സംബന്ധിച്ച വിവരങ്ങളൊന്നും ലഭ്യമല്ല.
എസ്113/24 ചാണകക്കുളം കുഴൽ കിണർ നിർമ്മാണം	ഭൂജലവകുപ്പ്	100000	59437	തുക കൈമാറിയതല്ലാതെ പ്രവൃത്തി സംബന്ധിച്ച വിവരങ്ങളൊന്നും ലഭ്യമല്ല.
എസ്265/24 എം.സി.എഫിന് കുഴൽ കിണർ നിർമ്മാണവും മോട്ടോർ സ്ഥാപിക്കലും	ഭൂജലവകുപ്പ്	200000	200000	പദ്ധതി പൂർത്തീകരിച്ചിട്ടുള്ളപക്ഷം വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.
എസ്295/24 സ്ട്രീറ്റ് ലൈൻ വലിക്കൽ	കെ.എസ്.ഇ.ബി	400000	180000	തുക കൈമാറിയതല്ലാതെ പ്രവൃത്തി സംബന്ധിച്ച വിവരങ്ങളൊന്നും ലഭ്യമല്ല.
എസ്301/24 പൊന്തനാൽ അംഗനവാടി കുഴൽ കിണർ നിർമ്മാണം	കേരള ഭൂ ജലവകുപ്പ്	70000	70000	പദ്ധതി പൂർത്തീകരിച്ചിട്ടുള്ളപക്ഷം വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.
ആകെ			**616212/-**	

മേൽ പരാമർശിച്ച ഡെപ്പോസിറ്റ് പ്രവൃത്തികൾ അതത് നിർവ്വഹണ ഏജൻസികൾ പൂർത്തീകരിച്ചിട്ടുള്ള പക്ഷം വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം-05/തീ.27.07.24) നൽകിയിരുന്നു, പ്രവൃത്തികൾ പൂർത്തീകരിച്ച് കെ.എസ്.ഇ.ബി, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് എന്നിവിടങ്ങളിൽ നിന്നും പൂർത്തീകരണ സാക്ഷ്യപത്രം സമർപ്പിക്കുന്നതാണ് സെക്രട്ടറി സമർപ്പിച്ച മറുപടിയിൽ വിശദീകരിച്ചിട്ടുണ്ട്. പ്രോജക്ട് പൂർത്തീകരണ- തുക വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കാത്തതിനാൽ ആകെ ചെലവ് തുക 616212/- തടസ്സപ്പെടുത്തുന്നു.സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

1-38 സംരക്ഷണഭിത്തികളിൽ മണ്ണ് നിറയ്ക്കുന്നതിന് തെറ്റായ സ്പെസിഫിക്കേഷൻ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കി

പ്രോജക്ട്	വാഴേക്കോളനി റോഡിന് സംരക്ഷണഭിത്തി, എസ് 178/2024
നിർവ്വഹണം	അസി. എഞ്ചിനീയർ, LID &EW
അടങ്കൽ	₹ 765857/- MG(R) FUND
കരാറുകാരൻ	ശ്രീ. ജോമി മാത്യു

കരാർ നം. തീയതി	29/AE/LSGD/THND/2022-23 DT. 01.03.2023
അളവു പുസ്തകം	103975/2022
ചെലവ്	₹ 765857/-
ബിൽ നം. തീയതി	23090252078401266455/23.02.2024

ഗ്രാമപഞ്ചായത്തിലെ വാഴേക്കോളനി ഭാഗത്തു കൂടി കടന്നു പോകുന്ന തോടിന്റെ സൈഡ് 28 M നീളത്തിൽ കോൺക്രീറ്റ് ഭിത്തി കെട്ടി സ്ഥലം മണ്ണിട്ടുയർത്തുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തത്. പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ എക്സ്ട്രാ ഇനം 3 ആയി കരാറുകാരന്റെ മണ്ണുപയോഗിച്ച് സ്ഥലം ഫിൽ ചെയ്യുന്നതിനായി ഉൾപ്പെടുത്തിയിരിക്കുന്നത് PRICE ലെ ഇനം 50.2.25.1 ആണ്. ഈയിനത്തിന്റെ വിവരണം പരിശോധിച്ചാൽ ട്രഞ്ചുകൾ, പ്ലിന്ത്, ഫൗണ്ടേഷനുകളുടെ സൈഡുകൾ എന്നിവ ഫിൽ ചെയ്യുന്നതിനുള്ള ഇനമാണെന്ന് കാണാവുന്നതാണ്. അളവു പുസ്തകത്തിലെ രേഖപ്പെടുത്തൽ അനുസരിച്ച് താഴെ പരാമർശിക്കുന്ന അളവുകളിലാണ് ഫില്ലിംഗ് നടത്തിയിട്ടുള്ളത്.

നീളം (M)	വീതി (M)	ഉയരം (M)	ആകെ അളവ് (M3)
5	3	1	15
3.5	4	1	14
10	4	1	40
5	3.1	0.8	12.40
TOTAL			**81.4**
(-)10% TAPE MEASUREMENT			8.1
(-) DEPARTMENTAL EARTH			13.508
NET FIILING AREA			59.792

ഇത്തരത്തിൽ വലിയ അളവിൽ മണ്ണ് നിറയ്ക്കുന്നതിന് PRICE-ലെ ഇനം 50.2.26.1 ഉപയോഗപ്പെടുത്താമെന്നിരിക്കെ ഇനം 50.2.25.1 ഉൾപ്പെടുത്തിയതിന്റെ കാരണം വ്യക്തമല്ല. ഇത്തരത്തിൽ തെറ്റായ ഇനം ഉൾപ്പെടുത്തിയതു മൂലം പഞ്ചായത്തിന് അധിക ചെലവുണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

ഇനം 50.2.25.1 ഉൾപ്പെടുത്തിയതിനാൽ ചെലവ്	ഇനം 50.2.26.1 ഉൾപ്പെടുത്തിയിരുന്നെങ്കിൽ വരുമായിരുന്ന ചെലവ്
കരാറുകാരൻ ക്വാട്ട് ചെയ്ത നിരക്ക് -₹375.07/M3 ചെയ്ത ആകെ അളവ് - 59.792 M^3 വേണ്ടി വന്ന ചെലവ് ₹375.07 X 59.792 M^3 = ₹22426.18	50.2.26.1 ന്റെ നിരക്ക് - ₹297.36/M3 ചെയ്ത ആകെ അളവ് - 59.792 M^3 വരുമായിരുന്ന ചെലവ് - ₹297.36 X 59.792 M^3 = 17779.75 (+)GST Compensation(18%)

(+)GST Compensation(18%) = ₹4036.71	= ₹3200.35
ഒട്ടാകെ = ₹26463	ഒട്ടാകെ = ₹20980/-
അധിക ചെലവ് =₹5483 /-	

അധികത്തുക ചെലവഴിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.27/തീ. 30.07.2024) മറുപടി ലഭ്യമാക്കിയില്ല. പ്രസ്തുത തുക ബന്ധപ്പെട്ട കരാറുകാരനിൽനിന്നോ അല്ലാത്തപക്ഷം എസ്റ്റിമേറ്റ് തയ്യാറാക്കിയ അസി. എൻജിനിയർ, സാങ്കേതിക അനുമതി നൽകിയ അസി.എക്സി.എൻജിനിയർ എന്നിവരിൽനിന്ന് തുല്യമായോ ഈടാക്കി നിശ്ചിത ശീർഷകത്തിൽ സർക്കാരിലേക്ക് ഒടുക്കേണ്ടതാണ്.

1-39 മരാമത്ത് പ്രവൃത്തികളിൽ ഇൻഷ്യൂറൻസ് നടപടിക്രമം പൂർണമായി പാലിക്കുന്നില്ല

മരാമത്ത് പ്രവൃത്തികളുടെ ബിഡ് ഡോക്യുമെന്റ് ഖണ്ഡിക 12, സെലക്ഷൻ നോട്ടീസ് ഖണ്ഡിക 6 എന്നിവ പ്രകാരം കരാറുകാർ പ്രവൃത്തിയുടെ ആരംഭ തീയതി മുതൽ പൂർത്തീകരണ തീയതി വരെയും, പിന്നീട് ഡിഫക്ട് ലയബിലിറ്റി കാലയളവ് (DLP) വരെയുമുള്ള രണ്ടു ഘട്ടങ്ങളിലേക്ക് ഇൻഷുറൻസ് കവറേജ് ലഭ്യമാക്കേണ്ടതുണ്ട്. എല്ലാ പോളിസികളുടേയും ഒറിജിനൽ സർട്ടിഫിക്കറ്റ് കരാറുകാർ നിർവഹണ ഉദ്യോഗസ്ഥന് സമർപ്പിക്കേണ്ടതുമാണ്. ഇത്തരത്തിൽ സ്വീകരിക്കുന്ന ഇൻഷുറൻസിന്റെ കവറേജ് കരാർ തുകയുടെ 0.5% ആയിരിക്കേണ്ടതും (മിനിമം 2,00,000/-), ഇൻഷുറൻസ് വിശദാംശങ്ങൾ പ്രവൃത്തി ആരംഭിച്ച് 15 ദിവസങ്ങൾക്കുള്ളിൽ സമർപ്പിക്കേണ്ടതുമാണെന്ന് "ലെറ്റർ ഓഫ് ആക്സപ്റ്റൻസ്" ൽ പ്രത്യേകം വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇത് ഹാജരാക്കാത്തപക്ഷം കരാർ തുകയുടെ 0.2% ബില്ലിൽ നിന്നും കുറവു വരുത്തേണ്ടതുമാണ്.

കരാറിലെ ഇൻഷുറൻസ് സംബന്ധിച്ച പ്രധാന വ്യവസ്ഥകൾ ഇതായിരിക്കെ, ഗ്രാമപഞ്ചായത്തിന്റെ ഓഡിറ്റ് വർഷത്തെ മരാമത്ത് പ്രവൃത്തി ഫയലുകൾ പരിശോധിച്ചതിൽ പ്രവൃത്തികൾക്കൊന്നുംതന്നെ ഇത്തരത്തിൽ ഇൻഷുറൻസ് പോളിസി ലഭ്യമാക്കിയിട്ടില്ലായെന്ന് വ്യക്തമായി. കരാറുകാർക്ക് പ്രതിഫലം നൽകിയ വേളയിൽ പിഴ നടപടിക്രമങ്ങൾ സ്വീകരിച്ചിട്ടുമില്ല. പ്രവൃത്തിയുടെ ദൃഢതയും, സുരക്ഷയും, സുതാര്യതയും ഉറപ്പു വരുത്തുന്നതിന് സർക്കാർ വ്യവസ്ഥ ചെയ്തിട്ടുള്ള നടപടികൾ അനുവർത്തിക്കാത്ത നടപടി ക്രമപ്രകാരമുള്ളതല്ലാത്തതിനാൽ വിഷയം ഓഡിറ്റ് സമാപന വേളയിൽ അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. പോളിസികൾ ശേഖരിച്ച് സൂക്ഷിച്ചിരുന്നതായും അവ ഫയലിൽ ചേർക്കുന്നത് വിട്ടുപോയതാണെന്നും അറിയിച്ചിട്ടുണ്ട് . പ്രസ്തുത വിശദീകരണം അംഗീകരിക്കുന്നു. അവ തുടർന്നുള്ള ഓഡിറ്റിൽ ഹാജരാക്കേണ്ടതും പ്രോജക്ട് നിർവഹണ വേളയിൽ പ്രസ്തുത വീഴ്ച ആവർത്തിക്കുന്നില്ലായെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

1-40 വിഷയാധിഷ്ഠിത അവലോകനം - ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - കേരളത്തിലെ മാലിന്യസംസ്കരണംഹരിതകർമ്മസേനയിലൂടെ

നവകേരള നിർമാണ പദ്ധതിയുടെ ഭാഗമായി സംസ്ഥാനം ഏറ്റെടുത്തിട്ടുള്ള സുസ്ഥിര വികസന ലക്ഷ്യങ്ങളായ പാർപ്പിടം, കുടിവെള്ളം, മാലിന്യ സംസ്കരണം, പൊതുജനാരോഗ്യം, പരിസ്ഥിതി സംരക്ഷണം തുടങ്ങിയ മേഖലകളിൽ ഗ്രാമപഞ്ചായത്ത് വിവിധ പ്രോജക്ടുകളിലൂടെ ശ്രദ്ധേയമായ നേട്ടങ്ങൾ ഇതിനോടകം കൈവരിച്ചിട്ടുണ്ട്. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 166-ാം വകുപ്പിന് കീഴിലുള്ള മൂന്നാം പട്ടികയിൽ പ്രതിപാദിക്കുന്ന, ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലകളിൽ ഉൾപ്പെട്ട വിഷയമാണ് മാലിന്യ സംസ്കരണം. മുൻകാലങ്ങളിൽ നിരത്തുകൾ വൃത്തിയാക്കുന്നതിൽ മാത്രം ഒതുങ്ങി നിന്നിരുന്ന മാലിന്യ സംസ്കരണ നടപടികൾ നിലവിൽ അവയുടെ ഉറവിടങ്ങളിലേക്ക് എത്തി ശാസ്ത്രീയമായി സംസ്കരിച്ച് പരിസ്ഥിതിയ്ക്ക് അനുയോജ്യമായ രീതിയിൽ പരിപാലിയ്ക്കുന്ന നിലയിലേയ്ക്ക്

എത്തിച്ചേർന്നിട്ടുണ്ട്. എന്റെ മാലിന്യം എന്റെ ഉത്തരവാദിത്വം എന്ന മുദ്രാവാക്യം ജനങ്ങളിൽ മാലിന്യ സംസ്കരണത്തിന്റെ അനിവാര്യത ബോധ്യപ്പെടുത്തുന്നതിൽ ഏറെ സഹായകരമായിട്ടുണ്ട്. പതിനാല് വാർഡുകൾ ഉൾക്കൊള്ളുന്ന ഗ്രാമപഞ്ചായത്തിൽ ആകെ 5424 വീടുകളും 431 വാണിജ്യ സ്ഥാപനങ്ങളുമാണുള്ളത്. ആകെ ജനസംഖ്യ 20570 ആണ്. 14 വാർഡുകളിലേക്കായി 17 ഹരിതകർമ്മസേനാംഗങ്ങൾ മാലിന്യ സംസ്കരണത്തിൽ പങ്കാളികളാകുന്നു. പഞ്ചായത്തിലെ ഒട്ടുമിക്ക വാസഗൃഹങ്ങളും മുഴുവൻ വാണിജ്യ സ്ഥാപനങ്ങളും മാലിന്യ പരിപാലന പ്രക്രിയയുമായി സഹകരിക്കുന്നുണ്ട്.

മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത് ഏർപ്പെടുത്തിയിട്ടുള്ള അടിസ്ഥാന സംവിധാനങ്ങൾ

1.) പഞ്ചായത്തിൽ ആകെ 22 മിനി എം.സി.എഫ് കൾ പ്രവർത്തിക്കുന്നുണ്ട്. എല്ലാ വാർഡിലും മിനി എം.സി.എഫുകൾ സ്ഥാപിച്ചിട്ടുണ്ട്. വാർഡ് 4, 5, 6, 10, 11, 14 എന്നിവയിൽ ഓരോ മിനി എം.സി.എഫ്-ഉം ബാക്കി എല്ലാ വാർഡുകളിലും രണ്ട് എണ്ണം വീതവും പ്രവർത്തിക്കുന്നുണ്ട്.

3.എം.സി.എഫ്. ഗ്രാമപഞ്ചായത്തിലെ മൂന്നാം വാർഡിലാണ് പ്രവർത്തിക്കുന്നത്. നിലവിലെ സ്ഥലപരിമിതി മറികടക്കുന്നതിനും ശുചിത്വ മിഷൻ നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾ പാലിക്കുന്നതിനുമായി ടിപ്പിംഗ് ഏരിയ, സോർട്ടിംഗ് ഏരിയ, സ്റ്റോറേജ് ഏരിയ, മെഷീനറി ഏരിയ, ശുചിമുറി, ശുദ്ധജലം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളോടുകൂടി എം.സി.എഫിനായി പുതിയൊരു കെട്ടിടത്തിന്റെ നിർമാണം പൂർത്തീകരിച്ചു വരുന്നു. നിലവിൽ എം.സി.എഫ്. പ്രവർത്തിക്കുന്ന കെട്ടിടത്തിൽ വൈദ്യുതി കണക്ഷൻ ലഭ്യമായിട്ടില്ല. വയറിംഗ് പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ജലലഭ്യത ഉറപ്പു വരുത്തുന്നതിനായി കുഴക്കിണർ നിർമിച്ച് മോട്ടോർ സ്ഥാപിക്കുന്നതിന് ഭൂജല വകുപ്പിൽ തുക നിക്ഷേപിച്ചിട്ടുമുണ്ട്.

ഹരിതകർമ്മസേനയുമായി ബന്ധപ്പെട്ട് കഴിഞ്ഞ അഞ്ച് വർഷങ്ങളിലായി ഗ്രാമപഞ്ചായത്ത് ആവിഷ്കരിച്ച് നടപ്പാക്കിയ പ്രൊജക്ടുകളുടെ വിവരം ചുവടെ ചേർക്കുന്നു.

വർഷം	പ്രൊജക്ട്	ഫണ്ട്	അടങ്കൽ	ചെലവ്
2020-21	ഹരിതകർമ്മസേനയ്ക്ക് വയബിലിറ്റി ഗ്യാപ് ഫണ്ട് .(എസ് 232/19)	വികസനഫണ്ട് (ധനകാര്യകമ്മീഷൻ ഗ്രാന്റ്)	77381	77382
	മാലിന്യനീക്കം ക്ലീൻ കേരള കമ്പനിക്ക് തുക കൈമാറൽ (എസ് 257/19)	വികസനഫണ്ട് (ധനകാര്യകമ്മീഷൻ ഗ്രാന്റ്)	250000	25000
2021-22	മാലിന്യനീക്കം ക്ലീൻ കേരള കമ്പനിക്ക് തുക കൈമാറൽ (എസ് 122/22)	വികസനഫണ്ട് (ധനകാര്യകമ്മീഷൻ ഗ്രാന്റ്)	567236	254799
	ഹരിതകർമ്മസേനയ്ക്ക് വാഹനം വാങ്ങൽ.(എസ് 244/22)	വികസനഫണ്ട് (ധനകാര്യകമ്മീഷൻ ഗ്രാന്റ്) തനത് ഫണ്ട്	678952 300000	0
	മാലിന്യനീക്കം എം.സി.എഫി ലേയ്ക്ക് വേയിംഗ് ബേയിലിംഗ് മെഷ്യൻ വാങ്ങലും	വികസനഫണ്ട് (ധനകാര്യകമ്മീഷൻ ഗ്രാന്റ്)	178952	0

	സ്ഥാപിക്കലും അനുബന്ധച്ചെലവുകളും .(എസ് 220-/22)			
2022-23	ബോട്ടിൽ ബൂത്തിലെ മാലിന്യം നീക്കം ചെയ്യൽ (എസ് 44/23)	വികസനഫണ്ട് (ധനകാര്യകമ്മീഷൻ ഗ്രാന്റ്)	100000	4500
	ബെയിലിംഗ് മെഷീൻ വാങ്ങൽ -ബാലൻസ് തുക നൽകൽ.(എസ് 218/23)	വികസനഫണ്ട് (ധനകാര്യകമ്മീഷൻ ഗ്രാന്റ്)	328544	320000
	ഹരിതകർമ്മ സേനയ്ക്ക് വാഹനം വാങ്ങൽ.(എസ് 87/23)	വികസനഫണ്ട് (ധനകാര്യകമ്മീഷൻ ഗ്രാന്റ്) തനത് ഫണ്ട്	678952 47581	458407
2023-24	ഹരിതകർമ്മസേന നിർവ്വഹണ സഹായ ഏജൻസിക്ക് തുക നൽകൽ.(എസ് 40/24)	വികസനഫണ്ട് (Cfc Tied)	223000	0
	ഹരിതകർമ്മസേന പ്രവർത്തനങ്ങൾക്ക് ട്രോളി വാങ്ങൽ ചെലവ് (എസ്162/24)	വികസനഫണ്ട് (Cfc Tied)	51000	0
	ഹരിതകർമ്മസേനയ്ക്ക് യൂണിഫോം സുരക്ഷാ ഉപകരണങ്ങൾ (എസ് 164/24)	തനത് ഫണ്ട്	68242	27445

ഹരിത കർമ സേന പ്രവർത്തനങ്ങൾ

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 12.08.2020 ലെ ജി.ഒ.(ആർ.ടി.)1496/2020 നമ്പർ ഉത്തരവ് പ്രകാരം രൂപീകൃതമായ ഹരിത കർമ സേനയുടെ പ്രവർത്തനങ്ങൾ മാലിന്യ സംസ്കരണ മേഖലയിൽ വിപ്ലവകരമായ മാറ്റങ്ങളാണ് വരുത്തിയിട്ടുള്ളത്. ആകെ 17 സേനാംഗങ്ങളാണ് നിലവിലുള്ളത്. സ്മാർട്ട് ഗാർബേജ് ആപ്പ് മുഖേന മാലിന്യ ശേഖരണത്തിൽ സാങ്കേതിക വിദ്യയുടെ വിന്യാസവും സാധ്യമാക്കിയിട്ടുണ്ട്. സ്മാർട്ട് ഗാർബേജ് സിസ്റ്റം വഴി എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും ക്യു.ആർ കോഡ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ അവസാന ഘട്ടത്തിൽ ആയതിനാൽ അതിലൂടെയുള്ള ഫീസ് പിരിവ് ഇനിയും സാധ്യമായിട്ടില്ല. വീടുകളിൽനിന്നും 50/- രൂപ, സ്ഥാപനങ്ങളിൽ നിന്നും 100/- രൂപ എന്ന നിരക്കിൽ യൂസർ ഫീ ഈടാക്കി ഇവർ വീടുകളിൽ നിന്നും, വ്യാപാര സ്ഥാപനങ്ങളിൽ നിന്നും അജൈവ മാലിന്യങ്ങൾ (പ്ലാസ്റ്റിക്, കുപ്പിച്ചില്ല്, റബ്ബർ ഉത്പന്നങ്ങൾ മുതലായവ) ശേഖരിച്ച് പ്രാഥമികമായി മിനി എം.സി.എഫ്.-കളിൽ സൂക്ഷിച്ച്, തുടർന്ന് മൂന്നാം വാർഡിലുള്ള മെയിൻ എം.സി.എഫ്-ൽ എത്തിച്ച് തരം തിരിച്ച് ക്ലീൻ കേരള കമ്പനിയ്ക്ക് കൈമാറുന്നു. 2023-24-ൽ രണ്ട് തവണയായി 608.76 Kg തരം തിരിച്ച മാലിന്യവും 2845 Kg ലഗസി വേസ്റ്റും ക്ലീൻ കേരള കമ്പനിക്ക് കൈമാറിയിട്ടുണ്ട്. കൂടാതെ 19285kg ലെഗസി വേസ്റ്റുകൾ റെഫ്ലോ എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്.

നിലവിൽ തിടനാട് ഗ്രാമപഞ്ചായത്തിലെ മാലിന്യങ്ങൾ കൈമാറുന്നത് റഫ്ലോ കമ്പനിക്കാണ്.

വാണിജ്യ സ്ഥാപനങ്ങളിലെ ഉൾപ്പെടെയുള്ള ജൈവ മാലിന്യങ്ങൾ എല്ലാം തന്നെ ഹരിതകർമ്മസേനാംഗങ്ങൾ തന്നെയാണ് ശേഖരിക്കുന്നത്. ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾക്കായി ഗ്രാമപഞ്ചായത്തിലെ ശുചീകരണ തൊഴിലാളികളുടെ സേവനം ഉപയോഗിക്കുന്നില്ല. ഉപഭോക്താക്കൾക്ക് ഗ്രീൻ കാർഡും വിതരണം ചെയ്യുന്നു. ഹരിതകർമ്മസേനയുടെ പ്രവർത്തനം സ്വീകരിക്കാൻ വിമുഖത കാട്ടുന്നവർക്ക് ഗ്രാമപഞ്ചായത്തിൽ നിന്നുള്ള സേവനം നിയന്ത്രിക്കുന്നത് അടക്കമുള്ള നടപടികളിലൂടെ മാലിന്യ സംസ്കരണത്തിന്റെ പ്രാധാന്യം ബോധ്യപ്പെടുത്താനും പങ്കാളിത്തം ഉറപ്പ് വരുത്താനും കഴിഞ്ഞിട്ടുണ്ട്.

മാലിന്യങ്ങൾ വലിച്ചെറിയുന്നത് നിയന്ത്രിക്കുന്നതിന് പാരിതോഷികം

ജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനും പ്ലാസ്റ്റിക്, കുപ്പിച്ചില്ല്, റബ്ബർ ഉത്പന്നങ്ങൾ തുടങ്ങിയ അജൈവ മാലിന്യങ്ങൾ വൃത്തിയാക്കി ശേഖരിച്ച് ഹരിതകർമ്മസേനയ്ക്ക് കൈമാറുന്നതിനും അവ കത്തിച്ചുള്ള അന്തരീക്ഷ മലിനീകരണം നിയന്ത്രിക്കുന്നതിനും നോട്ടീസ് മുഖേനയും വാർഡ് തല സാനിറ്റേഷൻ കമ്മിറ്റി മുഖേനയും ഗ്രാമസഭകൾ മുഖേനയും ബോധവത്ക്കരണം നടത്തുന്ന പ്രവർത്തനങ്ങൾ ആവിഷ്കരിച്ചിട്ടുണ്ട്. ഒപ്പം തന്നെ മാലിന്യം വലിച്ചെറിയുന്നതും കത്തിക്കുന്നതും നിരുത്സാഹപ്പെടുത്തുന്നതിനായി അത്തരം പ്രവൃത്തികൾ തെളിവ് സഹിതം റിപ്പോർട്ട് ചെയ്യുന്നവർക്ക് പിഴ തുകയുടെ മൂന്നിലൊന്ന് പാരിതോഷികം പ്രഖ്യാപിച്ചതും ഈ വിഷയത്തിലെ മികച്ച കാൽവെയ്പായി ഓഡിറ്റ് വിലയിരുത്തുന്നു. മാലിന്യം കത്തിച്ചതിനും അലക്ഷ്യമായി വലിച്ചെറിഞ്ഞതിനും നിരോധിത പ്ലാസ്റ്റിക് ഉത്പന്നങ്ങളുടെ വില്പന എന്നിവയുമായി ബന്ധപ്പെട്ട് ഇതിനോടകം പിഴയായി 6500/- രൂപ ഈടാക്കിയിട്ടുണ്ട്.

മാലിന്യശേഖരണത്തിലെ കാര്യക്ഷമത

മാലിന്യ ശേഖരണത്തിനായി ചുവടെ ചേർത്തിരിക്കുന്ന രീതിയിൽ കലണ്ടർ തയ്യാറാക്കിയിട്ടുണ്ട്.

ഇനം	ശേഖരിക്കുന്ന മാസം
പഴയ ചെരുപ്പ്, ബാഗ്	ജനുവരി, ജൂലൈ
കണ്ണാടി, കുപ്പി, ചില്ല് മാലിന്യങ്ങൾ	ഫെബ്രുവരി, ആഗസ്റ്റ്
ഇ-മാലിന്യം,ട്യൂബ് ലൈറ്റ്, സി.എഫ്.എൽ,ബാറ്ററി, മരുന്ന് സ്ട്രിപ്പുകൾ	മാർച്ച്, സെപ്റ്റംബർ
പഴയ ചെരുപ്പ്, ബാഗ്	ഏപ്രിൽ, ഒക്ടോബർ
കണ്ണാടി, കുപ്പി, ചില്ല് മാലിന്യങ്ങൾ	മെയ്, നവംബർ
ഇ-മാലിന്യം, ട്യൂബ് ലൈറ്റ്, സി.എഫ്.എൽ,ബാറ്ററി, മരുന്ന് സ്ട്രിപ്പുകൾ	ജൂൺ, ഡിസംബർ

എന്നാൽ കലണ്ടർ അടിസ്ഥാനപ്പെടുത്തിയുള്ള മാലിന്യ ശേഖരം പൂർണമായി നടപ്പിൽ വരുത്താൻ കഴിഞ്ഞിട്ടില്ല. മാലിന്യ നിയന്ത്രണത്തിൽ ഓരോ ഭവനത്തെയും സ്ഥാപനത്തെയും പങ്കാളിയാക്കാൻ ബോധവൽക്കരണ നോട്ടീസ്, ഫേസ് ബുക്ക്, വാട്ട്സ് ആപ് എന്നിവയിലൂടെ പ്രചാരണങ്ങൾ എന്നിവ നടത്തിയിട്ടുണ്ട്. കൂടാതെ സ്കൂളുകളിലും കോളേജുകളിലും ബോധവത്ക്കരണ ക്ലാസ്സുകൾ, ശുചിത്വ സന്ദേശ

റാലികൾ എന്നിവ നടത്തി മാലിന്യ നിർമ്മാർജ്ജനത്തിന്റെ ആവശ്യകതയെക്കുറിച്ച് അവബോധം നൽകുകയുണ്ടായി. നിലവിൽ ഗ്രാമപഞ്ചായത്തിൽ മാലിന്യങ്ങൾ അലക്ഷ്യമായി വലിച്ചെറിയുന്നതു കുറഞ്ഞിട്ടുണ്ട്. കൂടാതെ തോടുകളിലും പുഴകളിലും മാലിന്യങ്ങൾ നിക്ഷേപിക്കുവാനുള്ള പ്രവണത കുറയുകയും ജനങ്ങൾ ഹരിതകർമ്മസേനയോട് സഹകരിക്കുകയും അജൈവ മാലിന്യങ്ങൾ കൈമാറുന്നതിനും യൂസർ ഫീ നൽകുന്നതിനും സന്നദ്ധമാകുകയും ചെയ്യുന്നുണ്ട്. കുട്ടികളിൽ മാലിന്യ സംസ്കരണത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനായി കുട്ടികളുടെ ഹരിതസഭ രൂപീകരിച്ചിട്ടുണ്ട്.

കെൽട്രോൺ സഹായത്തോടെ ക്യൂ.ആർ കോഡ് പതിക്കുകയും സർട്ടിഫിക്കറ്റുകളുടെ ആവശ്യത്തിനായി യൂസർഫീ കാർഡ് നിർബന്ധമാക്കുകയും ചെയ്തിട്ടുണ്ട്. ശേഖരിക്കുന്ന ജൈവമാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിന് ജി ബിന്നുകൾ വീടുകളിൽ വിതരണം ചെയ്തു. സി.എഫ്.സി ഫണ്ട് ഉപയോഗിച്ച് 654120/- രൂപയുടെ പ്രോജക്റ്റ് വെച്ച് 180 വീടുകളിൽ ജി ബിന്നുകൾ വിതരണം, പഞ്ചായത്തിന്റെ എല്ലാ ഘടക സ്ഥാപനങ്ങളിലും ജി ബിന്നുകളുടെ വിതരണം, 900 എണ്ണം റിംഗ് കമ്പോസ്റ്റ് ഗുണഭോക്താക്കൾക്ക് വിതരണം നടത്തൽ, സ്കൂളുകളിൽ സോക്ക് പിറ്റ് പോലെയുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തൽ എന്നിങ്ങനെ വിവിധ തലങ്ങളിലുള്ള ഹരിതകർമസേനയുടെ പ്രവർത്തനങ്ങളിലൂടെ ഒരുപരിധി വരെ പഞ്ചായത്ത് പ്രദേശം മാലിന്യമുക്തമാക്കുന്നതിന് സാധിച്ചിട്ടുണ്ട്.

50 മൈക്രോണിൽ കുറവ് കനമുള്ള പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ നിരോധനം, കൃത്യമായ ഇടവേളകളിൽ വ്യാപാര സ്ഥാപനങ്ങളിൽ നടത്തിയ പരശോധനകൾ, ബോധവത്ക്കരണ കാമ്പെയ്നുകൾ, ലഘുലേഖകളുടെ വിതരണം തുടങ്ങിയവയിലൂടെ പുനരുപയോഗ സാധ്യതയുള്ള വസ്തുക്കൾ ഉപയോഗിക്കാൻ പ്രോൽസാഹിപ്പിക്കുന്നുണ്ട്. എന്നാൽ മാലിന്യ ശേഖരണാർത്ഥം പാതയോരങ്ങളിലും പൊതു ഇടങ്ങളിലും ബിന്നുകൾ സ്ഥാപിച്ചിട്ടില്ല. നിലവിൽ ഹരിതകർമ്മസേന ശേഖരിക്കുന്ന പുനരുപയോഗ സാധ്യതയുള്ള മാലിന്യങ്ങൾ റെഫ്ലോ എന്ന കമ്പനിക്കാണ് കൈമാറുന്നത്.

തൊഴിൽ സൃഷ്ടിക്കൽ

17 അംഗങ്ങൾ ഉൾപ്പെടുന്ന ഹരിതകർമ്മസേനയാണ് ഗ്രാമപഞ്ചായത്തിനുള്ളത്.മാസത്തിലെ ആദ്യത്തെ 20 ദിവസം മാലിന്യ ശേഖരണവും, ശേഷിക്കുന്ന ദിനങ്ങൾ മാലിന്യം തരം തിരിക്കുന്ന ജോലിയിലും അംഗങ്ങൾ ഏർപ്പെടുന്നു. ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങളും സാമ്പത്തിക ഇടപാടുകൾ നിയന്ത്രിക്കുന്നതിനുമായി ഹരിതകർമ്മ കൺസോർഷ്യം നിലവിലുണ്ട്. ഇതിനായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയുടെ തിടനാട് ശാഖയിൽ 42506807698 നമ്പരായി അക്കൗണ്ട് തുടങ്ങുകയും അതിലൂടെ ഇടപാടുകൾ നടത്തുകയും ചെയ്യുന്നു. യൂസർ ഫീ ആയി പ്രതിമാസം 2.5 ലക്ഷം രൂപയോളം ലഭിക്കുന്നതിൽ പത്ത് ശതമാനം കൺസോർഷ്യത്തിന്റ പ്രവർത്തനങ്ങൾക്കായി നീക്കിവെച്ച ശേഷമുള്ള തുക സേനാംഗങ്ങളുടെ ശമ്പളത്തിനായി വിനിയോഗിക്കുന്നു. ഓരോ സേനാംഗത്തിനും നിലവിൽ ശരാശരി 13741/- രൂപയോ അതിനടുത്തോ ഉള്ള തുകയാണ് അംഗങ്ങൾക്ക് വരുമാനമായി ലഭിക്കുന്നത്. അംഗങ്ങളുടെ വരുമാന വർദ്ധനവിനായി ജൈവമാലിന്യസംസ്കരണ/ജൈവവള നിർമ്മാണ പ്ലാന്റുകൾ സ്ഥാപിച്ചിട്ടില്ല.

അടിസ്ഥാന സൗകര്യങ്ങൾ

ശുചീകരണമേഖലയിൽ വിനിയോഗിക്കാൻ ഇലക്ട്രിക് ഓട്ടോ വാങ്ങിനൽകിയിട്ടുണ്ട്.

(ഇലക്ട്രിക്ക് ഓട്ടോ KL35L9716). വാഹനം വാങ്ങുന്നതിനായി 458407/- രൂപ ചെലവഴിച്ചിട്ടുണ്ട്. വാഹനം ഉപയോഗിക്കുന്നതിന് ഹരിതകർമ്മസേനാംഗങ്ങൾ തന്നെയാണ്. മാലിന്യ സംസ്കരണത്തിനായി 17 ഹരിതകർമ്മസേനാംഗങ്ങളാണ് പ്രവർത്തിക്കുന്നത്. ഗ്ലൗസ് ഉൾപ്പെടെയുള്ള സുരക്ഷാ ഉപകരണങ്ങൾ, മാലിന്യ നിർമ്മാർജ്ജന പ്രവർത്തനത്തിനാവശ്യമായ ചാക്ക്- അനുബന്ധ ഉപകരണങ്ങൾ, സേനാംഗങ്ങൾക്ക് ആവശ്യമായ യൂണിഫോം എന്നിവ വിതരണം നടത്തിയിട്ടുണ്ട്. കൂടാതെ ബെയ് ലിംഗ് മെഷ്യൻ വെയ്റ്റ് മെഷറിംഗ് മെഷ്യൻ എന്നിവ വാങ്ങിയിട്ടുണ്ട്. യൂണിഫോം മറ്റു സുരക്ഷാ ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനായി തനത് ഫണ്ടിൽ നിന്നും 27445/- രൂപ ചെലവഴിച്ചിട്ടുണ്ട്. തീപിടുത്ത സാധ്യത സാഹചര്യങ്ങൾ ഒഴിവാക്കുന്നതിനുള്ള സുരക്ഷ സംവിധാനങ്ങൾ, ടോയിലറ്റ് സൗകര്യം

ചെയിഞ്ചിംഗ് റൂം എന്നിവ എം.സി.എഫി നോടനുബന്ധിച്ച് സ്ഥാപിക്കേണ്ടതാണ്.

പരിശീലനവും വികസനവും

ഹരിതകർമ്മസേന അംഗങ്ങൾക്ക് അജൈവ മാലിന്യ ശേഖരണം, തരംതിരിക്കൽ, ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട രജിസ്റ്ററുകളുടെ ഉപയോഗം എന്നിവ സംബന്ധിച്ച് വിവിധ തലത്തിലുള്ള പരിശീലന ക്ലാസ്സുകൾ നൽകിയിട്ടുണ്ട്. സ്മാർട്ട് ഗാർബേജ് ആപ്പിന്റെ പ്രവർത്തനം സംബന്ധിച്ച് കെൽട്രോണും, മാലിന്യം തരംതിരിക്കൽ സംബന്ധിച്ച് ക്ലീൻ കേരള കമ്പനിയും പരിശീലനം നൽകിയിട്ടുണ്ട്. കൂടാതെ ഹരിതകർമ്മസേനയുടെ പ്രവർത്തനത്തിനായി വാങ്ങിയിട്ടുള്ള വാഹനം ഓടിക്കുന്നതിനുള്ള പരിശീലനം സേനാംഗങ്ങൾക്ക് നൽകിയിട്ടുണ്ട്. നിലവിൽ ഹരിതകർമ്മസേനയിലെ അംഗങ്ങൾക്ക് ഡ്രൈവിംഗ് ലൈസൻസ് ലഭിക്കുകയും സംഘാംഘങ്ങൾ വാഹനം ഓടിക്കുകയും ചെയ്യുന്നുണ്ട്.

മാലിന്യം കൈകാര്യം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ

മാലിന്യം തരം തിരിക്കുന്നവേളയിൽ സേനാംഗങ്ങളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി ഗ്ലൗസ്, മാസ്ക്, ബൂട്ട് എന്നിവ നൽകിയിട്ടുണ്ട്. കൂടാതെ ആവശ്യമായ മുൻകരുതൽ സ്വീകരിക്കുവാൻ പരിശീലനവും നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിനെ മാലിന്യമുക്തമാക്കാൻ ഹരിതകർമ്മസേനയുടെ പ്രവർത്തനം വലിയ സഹായമാണ്. ഇതുമൂലം നിരവധികുടുംബങ്ങൾക്ക് താരതമ്യേന കുറഞ്ഞ നിരക്കിലെങ്കിലും ഒരു സാമ്പത്തിക നേട്ടം ഉണ്ടാക്കാനായിട്ടുണ്ട്. ഹരിതകർമ്മസേനയുടെ പ്രവർത്തനം ഗ്രാമീണ മേഖലയെ ഒരുപരിധിവരെ മാലിന്യമുക്തമാക്കുന്നതിനും ശുചിത്വത്തിന്റെ പ്രാധാന്യം പൊതുജനശ്രദ്ധയിൽ കൊണ്ടുവരുന്നതിനും സാധിക്കുന്നുവെന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു. ഗ്രാമപഞ്ചായത്തിലെ എല്ലാ പൗരൻമാരും മാലിന്യസംസ്കരണത്തിൽ പങ്കാളികളായെങ്കിൽ മാത്രമേ പദ്ധതികളിലൂടെ പ്രതീക്ഷിക്കുന്ന ലക്ഷ്യം നേടാൻ സാധിക്കുകയുള്ളൂ. അലക്ഷ്യമായി മാലിന്യങ്ങൾ കൈകാര്യം ചെയ്യുന്നവർക്കെതിരെയുള്ള ശിക്ഷണനടപടികൾ കാര്യക്ഷമമാക്കാൻ ഹരിതകർമ്മസേനയെ കൂടുതൽ സജ്ജരാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

ഹരിത കർമസേനാപ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുള്ള പ്രധാന ശുപാർശകൾ

- ഹരിതകർമസേനാംഗങ്ങൾ ശേഖരിച്ച്, തരം തിരിച്ച്, എം.സി.എഫുകളിൽ സൂക്ഷിച്ചിട്ടുള്ള അജൈവ മാലിന്യങ്ങൾ ക്ലീൻ കേരള കമ്പനി യഥാസമയം നീക്കം ചെയ്യാത്തത് വലിയ പ്രതിസന്ധിയാണ് സൃഷ്ടിക്കുന്നത്. അവ സമയബന്ധിതമായി കൈമാറ്റം ചെയ്യപ്പെടുന്നുവെന്ന് സ്ഥാപനതലത്തിൽ ഉറപ്പു വരുത്തേണ്ടതാണ്. ക്ലീൻ കേരള കമ്പനി വിമുഖത പ്രകടിപ്പിക്കുന്നപക്ഷം ഈ മേഖലയിൽ പ്രവർത്തിക്കുന്ന ഇതര ഏജൻസികളുടെ സേവനം ഇക്കാര്യത്തിൽ തേടാവുന്നതാണ്.
- സ്മാർട്ട് ഗാർബേജ് പദ്ധതിക്കായി ഗണ്യമായ തുകകൾ ചെവഴിച്ച് ക്യൂ ആർ കോഡ് പതിക്കുകയും പരിശീലനങ്ങൾ നടത്തുകയും ചെയ്തെങ്കിലും അത് ഫലപ്രാപ്തിയിലെത്തിയിട്ടില്ല. യൂസർഫീ കളക്ഷൻ, മാലിന്യകൈമാറ്റ പ്രക്രിയകൾ എന്നിവ ഓൺലൈൻ സംവിധാനത്തിലേക്ക് മാറ്റുന്നതിനാവിഷ്കരിച്ച പദ്ധതി പ്രവൃത്തി പഥത്തിലെത്തിക്കാൻ അടിയന്തിര ശ്രമങ്ങൾ നടത്തേണ്ടതുണ്ട്.
- മെച്ചപ്പെട്ട വരുമാന സാധ്യതകൾ കണ്ടെത്താനാവാത്തതിനാൽ അംഗങ്ങൾ പിൻവലിയുന്ന സാഹചര്യമുണ്ട്. ജൈവവളം നിർമാണം, കുടുംബശ്രീ മുഖേന പാഴ് വസ്തുകകളുടെ റീസൈക്ലിംഗിനും മറ്റ് സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള പരിശീലനം, ധനസഹായം എന്നിവ മെച്ചപ്പെട്ട വരുമാനം പ്രദാനം ചെയ്യുന്നതിനായി പരിഗണിക്കാവുന്നതാണ്.
- പ്രവർത്തന കലണ്ടർ അനുസരിച്ച് വിവിധ മാലിന്യങ്ങളുടെ ശേഖരണം കർശനമാക്കി ഗാർഹിക-വാണിജ്യ സ്ഥാപനങ്ങളിൽ അവ കെട്ടിക്കിടക്കുന്നത് ഒഴിവാക്കാവുന്നതാണ്.
- പൊതു സ്ഥലങ്ങളിൽ മാലിന്യങ്ങൾ വലിച്ചെറിയുന്നവർക്കെതിരെ 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 220(C) അനുസരിച്ചുള്ള ശിക്ഷാ രീതികൾ കർശനമാക്കേണ്ടതാണ്.
- ഹരിത കർമസേനാംഗങ്ങൾക്ക് ആരോഗ്യ പരിരക്ഷാ പദ്ധതികൾ, ഇ.എസ്.ഐ സൗകര്യം, നിശ്ചിത

കാലയളവിൽ സൗജന്യ ആരോഗ്യ പരിശോധനകൾ എന്നിവ ഉറപ്പ് വരുത്താവുന്നതാണ്.

- വിവാഹ സത്ക്കാരങ്ങൾ, ഉത്സവാഘോഷങ്ങൾ എന്നിവ ഹരിത പെരുമാറ്റ ചട്ടം (Green Protocol) പാലിക്കുന്നുവെന്ന് ഉറപ്പ് വരുത്താൻ ഹരിതകർമ്മ സേനാംഗങ്ങളുടെ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്.
- ഹരിതകർമസേനാംഗങ്ങളുടെ തൊഴിൽമാന്യത ഉറപ്പ് വരുത്തുന്നതിനാവശ്യമായ നടപടികൾ തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ സ്വീകരിക്കേണ്ടതാണ്.
- ഹരിത കർമസേനാംഗങ്ങൾക്കിടയിലുള്ള പരാതികൾ പരിഹരിക്കുന്നതിന് പരാതി പരിഹാര സമിതി രൂപീകരിക്കാവുന്നതാണ്.
- ഹരിതകർമസേനാ പ്രവർത്തനങ്ങൾക്ക് ഈടാക്കുന്ന യൂസർഫീസ് ഒടുക്കാൻ വിസ്സമ്മതിക്കുന്നവർക്കെതിരെ സേവനവിലക്കുൾപ്പടെയുള്ള നടപടികൾ തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ സ്വീകരിക്കാവുന്നതാണ്.
- ഹരിതകർമസേനാംഗങ്ങൾക്ക് വരുമാനദായകമായ സംരംഭങ്ങൾ തുടങ്ങാൻ ധനസഹായം അനുവദിക്കുന്ന പ്രോജക്ടുകൾ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്.
- തെളിനീരൊഴുക്കും നവകേരളം ക്യാമ്പയിനിന്റെ ഭാഗമായി ഉയർന്നുവരുന്ന ഖര-ദ്രവ-മാലിന്യവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണ്.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 സംരക്ഷണഭിത്തിക്കുള്ളിൽ മണ്ണ് നിറയ്ക്കുന്നതിന് തെറ്റായ സ്പെസിഫിക്കേഷൻ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കി

പ്രോജക്ട്	വാഴേക്കോളനി റോഡിന് സംരക്ഷണഭിത്തി, എസ് 178/2024
നിർവ്വഹണം	അസി. എഞ്ചിനീയർ, LID &EW
അടങ്കൽ	₹ 765857/- MG(R) FUND
കരാറുകാരൻ	ശ്രീ. ജോമി മാത്യു
കരാർ നം. തീയതി	29/AE/LSGD/THND/2022-23 DT. 01.03.2023
അളവു പുസ്തകം	103975/2022
ചെലവ്	₹ 765857/-
ബിൽ നം. തീയതി	23090252078401266455/23.02.2024

ഗ്രാമപഞ്ചായത്തിലെ വാഴേക്കോളനി ഭാഗത്തു കൂടി കടന്നു പോകുന്ന തോടിന്റെ സൈഡ് 28 M

നീളത്തിൽ കോൺക്രീറ്റ് ഭിത്തി കെട്ടി സ്ഥലം മണ്ണിട്ടുയർത്തുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തത്. പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ എക്സ്ട്രാ ഇനം 3 ആയി കരാറുകാരന്റെ മണ്ണുപയോഗിച്ച് സ്ഥലം ഫിൽ ചെയ്യുന്നതിനായി ഉൾപ്പെടുത്തിയിരിക്കുന്നത് PRICE ലെ ഇനം 50.2.25.1 ആണ്. ഈയിനത്തിന്റെ വിവരണം പരിശോധിച്ചാൽ ട്രഞ്ചുകൾ, പ്ലിന്ത്, ഫൗണ്ടേഷനുകളുടെ സൈഡുകൾ എന്നിവ ഫിൽ ചെയ്യുന്നതിനുള്ള ഇനമാണെന്ന് കാണാവുന്നതാണ്. അളവു പുസ്തകത്തിലെ രേഖപ്പെടുത്തൽ അനുസരിച്ച് താഴെ പരാമർശിക്കുന്ന അളവുകളിലാണ് ഫില്ലിംഗ് നടത്തിയിട്ടുള്ളത്.

നീളം (M)	വീതി (M)	ഉയരം (M)	ആകെ അളവ് (M3)
5	3	1	15
3.5	4	1	14
10	4	1	40
5	3.1	0.8	12.40
TOTAL			**81.4**
(-)10% TAPE MEASUREMENT			8.1
(-) DEPARTMENTAL EARTH			13.508
NET FIILING AREA			59.792

ഇത്തരത്തിൽ വലിയ അളവിൽ മണ്ണ് നിറയ്ക്കുന്നതിന് PRICE-ലെ ഇനം 50.2.26.1 ഉപയോഗപ്പെടുത്താമെന്നിരിക്കെ ഇനം 50.2.25.1 ഉൾപ്പെടുത്തിയതിന്റെ കാരണം വ്യക്തമല്ല. ഇത്തരത്തിൽ തെറ്റായ ഇനം ഉൾപ്പെടുത്തിയതു മൂലം പഞ്ചായത്തിന് അധിക ചെലവുണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

ഇനം 50.2.25.1 ഉൾപ്പെടുത്തിയതിനാൽ ചെലവ്	ഇനം 50.2.26.1 ഉൾപ്പെടുത്തിയിരുന്നെങ്കിൽ വരുമായിരുന്ന ചെലവ്
കരാറുകാരൻ ക്വാട്ട് ചെയ്ത നിരക്ക് -₹375.07/M3 ചെയ്ത ആകെ അളവ് - 59.792 M^3 വേണ്ടി വന്ന ചെലവ് ₹375.07 X 59.792 M^3 = ₹22426.18 (+)GST Compensation(18%) = ₹4036.71	50.2.26.1 ന്റെ നിരക്ക് - ₹297.36/M3 ചെയ്ത ആകെ അളവ് - 59.792 M^3 വരുമായിരുന്ന ചെലവ് - ₹297.36 X 59.792 M^3 = 17779.75 (+)GST Compensation(18%) = ₹3200.35
ഒട്ടാകെ = ₹26463	ഒട്ടാകെ = ₹20980/-
അധിക ചെലവ് =₹5483 /-	

അധികതുക ചെലവഴിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.27/തീ. 30.07.2024) മറുപടി ലഭ്യമാക്കിയില്ല. പ്രസ്തുത തുക ബന്ധപ്പെട്ട കരാറുകാരനിൽനിന്നോ അല്ലാത്തപക്ഷം എസ്റ്റിമേറ്റ് തയ്യാറാക്കിയ അസി. എൻജിനിയർ, സാങ്കേതിക അനുമതി നൽകിയ

അസി.എക്സി.എൻജിനിയർ എന്നിവരിൽനിന്ന് തുല്യമായോ ഈടാക്കി നിശ്ചിത ശീർഷകത്തിൽ സർക്കാരിലേക്ക് ഒടുക്കേണ്ടതാണ്.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ ലഭിച്ച തീയതി	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി
2023-24	04.07.2024	24.07.2024 - 31.07.2024

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

2023-24 വർഷം സംയുക്ത പ്രോജക്ടിനായി ലഭിച്ച ഫണ്ടിന്റെ വിനിയോഗം ധനകാര്യ പത്രിക പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു.

വിഹിതം നല്കിയ സ്ഥാപനം	ലഭിച്ച തുക	പ്രോജക്ടിന്റെ പേര്	ചെലവ്	ബാക്കി
ബ്ലോക്ക് പഞ്ചായത്ത്	100000	സ്ഥിരം കൃഷിക്ക് കൂലി ചെലവ് സബ്സിഡി (പ്രോജക്ട് നം. 90/24)	100000	0
	221200	ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (പ്രോജക്ട് നം. 71/24)	221200	0
	150000	ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി (പ്രൊജക്ട് നം. 53/24)	150000	0

	100000	പാലിയേറ്റീവ് കെയർ വേതനവും അനുബന്ധ ചെലവുകളും (പ്രൊജക്ട് നം. 121/24)	100000	0
	800000	ലൈഫ് ഭവന പദ്ധതി പൊതുവിഭാഗം (പ്രൊജക്ട് നം. 31/24)	800000	0
	80000	തെരുവുവിളക്ക് സ്ഥാപിക്കൽ (പ്രൊജക്ട് നം. 225/24)	80000	**0**
	336158	കാളകെട്ടി പൊട്ടംകുളം നെടിയപാല ഇരുപ്പക്കാവ് റോഡ് റീടാറിംഗ് (പ്രൊജക്ട് നം. 206/24)	336158	**0**
ആകെ	**1787358/-**		**1787358/-**	**0**
ജില്ലാ പഞ്ചായത്ത്	130000	ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (പ്രോജക്ട് നം. 71/24)	130000	0
	470000	ലൈഫ് ഭവന പദ്ധതി പട്ടികജാതി വിഭാഗം (പ്രൊജക്ട് നം. 37/24)	470000	
	370000	ലൈഫ് ഭവന പദ്ധതി പട്ടികജാതി വിഭാഗം (പ്രൊജക്ട് നം. 159/24)	370000	
	130000	ശാരീരിക	130000	

		മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (പ്രോജക്റ്റ് നം. 71/24)		
	53987	അംഗൻവാടി അനുപൂരക പോഷകാഹാര പദ്ധതി(പ്രൊജക്റ്റ് നം. 69/24)	53987	0
ആകെ	**1153987/-**		**1153987/-**	**0**

4-3 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

നിർവ്വഹണ ഏജൻസി	പ്രവൃത്തിയുടെ പേര്	മുൻകൂർ നൽകിയ തുക	ചെലവഴിച്ച തുക	ചെലവഴിക്കാൻ ബാക്കി
ഭൂജല വകുപ്പ് ജില്ലാ കാര്യാലയം കോട്ടയം	എം.സി.എഫിന് കുഴൽക്കിണർ, മോട്ടോർ സ്ഥാപിക്കൽ (പ്രോജക്റ്റ് നം.265/24)	200000	0	200000

4-4 മൊബിലൈസേഷൻ അഡ്വാൻസ്

2023-24-ൽ മൊബിലൈസേഷൻ അഡ്വാൻസ് നല്കിയിട്ടില്ല.

4-5 വായ്പ/വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

വായ്പയുടെ പേര്/ ഉദ്ദേശ്യം	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക	തൻവർഷ വരവ്	തൻവർഷം തിരിച്ചടച്ച തുക		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക
			മുതൽ	പലിശ	
കെ.യു.ആർ.ഡി.എഫ്.സി	22009935/-	5920000/-	2787324	-	25142611/-

4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല .

4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം തുക ലഭിച്ചിട്ടില്ല.

4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ
1999-00	10(b)	2003-04	പേജ്63	നിർവ്വഹണം നടത്താതെ മരാമത്ത് പണിക്ക് 50000 രൂപ മുൻകൂർ നൽകി	നിയമസഭാസമിതിയുടെ പരിഗണനയിലാണ്
2014-15	2-2, 2-3	2016-17	അനുബന്ധം – 3	വസ്തുനികുതി	നിയമസഭാസമിതിയുടെ പരിഗണനയിലാണ്
2014-15	2-5,2-6	2016-17	അനുബന്ധം – 4	തൊഴിൽനികുതി	നിയമസഭാസമിതിയുടെ പരിഗണനയിലാണ്
2015-16	2-3	2016-17	അനുബന്ധം – 5	തൊഴിൽനികുതി	നിയമസഭാസമിതിയുടെ പരിഗണനയിലാണ്

4-9 ചാർജ്/സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം

ചാർജ്/സർചാർജ് നടപടികളിലൂടെ തൻവർഷം തുക ഈടാക്കിയിട്ടില്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ്-മുന്നിരിപ്പ് ഉൾപ്പെടെ (റസീറ്റ് & പേമെന്റ് പത്രിക പ്രകാരം)	56129429/-
ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (റസീറ്റ് & പേമെന്റ് പത്രിക പ്രകാരം)	38,048,918/-
ഓഡിറ്റ് വർഷത്തെ ആകെ വരുമാനം (ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം)	102,420,442/
ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം)	108,549,972/-
വരവിനങ്ങളിലുള്ള നഷ്ടം	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	: 5483/-

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	**1527694/-**

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നം.	നഷ്ടമായ തുക		ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
	ചാർജ്ജ് ചെയ്യാവുന്നവ	സർചാർജ്ജ് ചെയ്യാവുന്നവ	
3-1 (1-38)		5483	1.ശ്രീ. ജയപ്രകാശ് ആർ. അസി.എഞ്ചിനീയർ 2.ശ്രീ. ബേസിൽ മാത്യൂ അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നം.	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-23	280000/-	ഡോ.ബിബിരാജ് (മെഡിക്കൽ ഓഫീസർ-പി.എച്ച്.സി)
1-25	11264/-	നോബി.എം.ഐസക് (അസി.സെക്രട്ടറി)
1-26	112000/-	പ്രീതി .എ.ദാമോധരൻ(വെറ്ററിനറി സർജൻ)
1-27	40000/-	രമ്യ.എൻ.നായർ(വി.ഇ.ഒ) അനിൽകുമാർ.പി.ആർ(വി.ഇ.ഒ)
1-29	68218/-	നോബി.എം.ഐസക് (അസി.സെക്രട്ടറി)
1-30	20000/-	നോബി.എം.ഐസക് (അസി.സെക്രട്ടറി)
1-31	300000/-	ഡോ.ബിബിരാജ് (മെഡിക്കൽ ഓഫീസർ-പി.എച്ച്.സി)
1-35	80000/-	സാജൻ.എം(സെക്രട്ടറി)
1-37	616212/-	സാജൻ.എം(സെക്രട്ടറി)
ആകെ	**1527694/-**	

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

പേരും ഉദ്യോഗപ്പേരും	ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക	സ്ഥിരം മേൽവിലാസം

	മേൽവിലാസം	
ശ്രീ. ജയപ്രകാശ്.ആർ	അസി.എഞ്ചിനീയർ-തിടനാട് ഗ്രാമപഞ്ചായത്ത്	കൃഷ്ണവിലാസം കളത്തൂർകടവ്.പി.ഒ
ശ്രീ. ബേസിൽ മാത്യൂ	അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ-തിടനാട് ഗ്രാമപഞ്ചായത്ത്	പാലപ്പള്ളിൽ കറുകാടം പി.ഒ കോതമംഗലം 686691

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറപ്പെടുവിച്ച അനന്തരക്കുറിപ്പ്/റിപ്പോർട്ട്, തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം
98-99 ചെലവ്	കെഎസ്എ.കെടിഎം.പി.14-1672(1)/2021/ 12.04.2022	2
99-2000 ചെലവ്	കെഎസ്എ.കെടിഎം.പി.14-1672(2)/21/ 16.05.22	2
2003-04 ചെലവ്	എൽ.എഫ്.കെ.പി.1/960/അദാ (സി4)/2011 (5)/ 25.8.11	3
96-97വരവ്	എൽ.എഫ്.കെ.പി.3/913/ 07/21.11.08	.
1997-98 വരവ്	എൽ.എഫ്.കെ.പി.3/914/07/20.4.09/ 12.6.09	.
2000-01 ചെലവ്	എൽ.എഫ്.കെ.പി.3/919/07/20.4.09	.
2001-02	എൽ.എഫ്.കെ.പി.3/918/07/20.4.09	.
2007-08	എൽ.എഫ്.കെ.പി.2/344/12/8.5.12	.
2008-09	കെ.എസ്.എ-കെ.ടി.എം.പി.14/അദാ-2022/ 891/2022 /05.08.22	6
2009-10	എൽ.എഫ്.കെ.പി.2/445/11/8.2.13	.
2010-11, 11-12	എൽ.എഫ്.കെ.പി.2/817/13/3.12.13	.
2012-13	കെ.എസ്.എ-കെ.ടി.എം.പി.14/അദാ-2022/892/22/ 05.08.2022	3
2013-14	കെ.എസ്.എ-കെ.ടി.എം.പി.14/അദാ-2022/ 1162/22	2

	/05.08.2022	
2014-15	കെ.എസ്.എ-കെ.ടി.എം.പി.14/അദാ-2022/ 1160/22 /5.8.2022	2
2015-16	കെ.എസ്.എ-കെ.ടി.എം.പി.14/442(എ)/19 25.06.2019	7
2016-17	കെ.എസ്.എ-കെ.ടി.എം.പി.14-890/2022/ 26.08.2022	10
2017-18	കെ.എസ്.എ-കെ.ടി.എം.പി.14/1161/ 22/ 31.08.22	12
2018-19	കെ.എസ്.എ-കെ.ടി.എം.പി.14/1012/19/ 10.02.2020	11
2019-20	കെഎസ്എ.കെ.ടി.എം.പി.14/1596/21/ 20.07.22	9
2020-21	കെഎസ്എ.കെ.ടി.എം.പി.14/1597/21/ 08.08.22	17
2021-22	കെഎസ്എ.കെ.ടി.എം.പി.14/2285/22/ 08.05.23	14
2022-23	കെഎസ്എ.കെ.ടി.എം.പി.14-2100/2023 /15.03.2024	22

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ ഖണ്ഡികകൾ തീർപ്പാക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

Annexure 1
Audit Certificate

i. I have audited the attached Financial statements approved vide resolution number 5(1) dated 27-06-2024 and submitted on 04-07-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03- 2024 , with supporting forms, of the Thidanadu Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

Qualified opinion

I certify that, subject to my observations in the appended report and audit report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Thidanadu Grama Panchayat as on 31-03-2024

Date: 20/09/2024

Deputy Director
District Office Kottayam
Kerala State Audit Department

Audit Report appended to the Audit Certificate of Thidanadu Grama Panchayat for the Year 2023-2024 .

1.Major Observations

1. Inevitable schedules like accounting policies, Notes on accounts etc not incorporated to AFS
2. Timely demand entries are not provided for accrual items of receipt.
3. Asset register is not comprehensive and up to date.
4. No notes on accounts or document adduced in support of the figures shown as prior period items in I-18 & I-19 schedules.

2.Other Observations

1. Discrepancy in the amount shown as secured loan and prepaid expenses .
2. work deposit amount shown in balance is not properly explained.
3. Discrepancy in Jalanidhi account is not properly explained.
4. Decree amounts received in lieu of property tax arrears is accounted against debt head of account.
5. Debt head figures shown in B4 Schedule is not authenticated.
6. Block share and District Panchayath share received for Joint Venture projects is not journalised properly.

Deputy Director
District Office Kottayam
Kerala State Audit Department

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ തിടനാട് ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്